Motions 323 to 327.

The following motions were not moved:

MR. G. VELU PILLAI :

323. "To omit the allotment of Rs. 1,200 for Salaries.

MR. CODIVEETIL C. RAMANKUNJU :

324. "To reduce the allotment of Rs. 1,200 for travelling allowance by Re. 1.

MR. P. NARAYANA PILLAI :

325. "To reduce the total allotment of Rs. 97,666 under Demand XXII by Rs. 1.

MR. G. VELU PILLAI :

326. "To reduce the total allotment of Rs. 97,666 under Demand XXII by Re. 1.

MR. K. NARAYANAKURUP :

327. "To reduce the total allotment of Rs. 97,666 under Demand XXII by Rs. 10.

The question that Government be granted a sum of Rs. 97,666 under Demand XXII—Cooperative Department was put and carried.

The Demand was passed and the grant was made.

DEMAND XXIII—UP-LIFT OF BACKWARD COMMUNITIES.

MR. R. VASUDEVA PUDUVAL : Sir, I rise to move that Government be granted a sum of Rs. 51,257 under Demand XXIII—Up-lift of Backward Communities,

Motion No. 328.

MR. KODIVEETIL C. RAMANKUNJU : സർ, അവശസമുദായ സംരക്ഷകന്റെ സഞ്ചാരച്ചിലവായ ₹ ₹ ര ം രൂപയിൽനിന്ന് ഒരു രൂപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

സർ, സ്മൃതീരങ്ങളിലും കായലോരങ്ങളിലും താമസിച്ചുവരുന്ന അരയന്മാരുടേയും വാലന്മാരുടേയും ഇടയിൽ ദാരിദ്ര്യവും ക്ഷാമവും വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കുന്നു. അവർ തങ്ങളുടെ ജംഗമസാമാനങ്ങൾ തൊട്ട് പുരയുടെ കഴുക്കോലുവരെ വിറ്റുതിന്നിരിക്കയാണ്. ഇപ്പോൾ പട്ടിണിയല്ലാതെ ബാക്കിയൊന്നുമില്ല. അരയന്മാർ, വാലന്മാർ മുതലായ സമുദായക്കാർ പാരമ്പര്യമായി തങ്ങൾക്കുള്ള രാജഭക്തിക്ക് യാതൊരു ഭംഗവും വരുത്താതെ അവർ എപ്പോഴും ഗവണ്മെന്റിനെത്തന്നെ ആശ്രയിച്ചു ജീവിക്കുന്നവരാണ്. കഴിഞ്ഞ കുറേക്കാലത്തിനിടയിൽ ഗവണ്മെന്റിന്റെ കാരുണ്യമുണ്ടായിട്ടുണ്ട്. സാമൂഹ്യവും വിദ്യാഭ്യാസസംബന്ധവുമായിട്ട് കുറെക്കെ സഹായങ്ങൾ ചെയ്തുകൊടുത്തുകൊണ്ടിരുന്നു. എന്നാൽ അതൊക്കെ ഇപ്പോൾ കുറയുകയും തന്നിമിത്തം പല വിഷമങ്ങളും സങ്കടങ്ങളും അവർ അനുഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇപ്പോഴത്തെ പ്രൊട്ടക്ടർ ഈ ഡിപ്പാർട്ടുമെന്റിൽ കാലുവച്ചതിനുശേഷം ഈ വകുപ്പിന്റെ പ്രയോജനം വളരെ വർദ്ധിച്ചിട്ടുണ്ടെന്നു നമ്മിപൂർവ്വം സമ്മതിക്കുന്നു. എന്നാൽ അരയക്കും വാലന്മാർക്കും ചില സ്ഥലങ്ങളിൽ ശ്മശാനം, ഭജനമന്ദിരം, കിണറു മുതലായവ ഉണ്ടാക്കിക്കൊടുക്കുന്നതിൽ താല്പര്യം പ്രദർശിപ്പിച്ചുവരുന്നു. എന്നല്ലാതെ അവക്ക് ഇപ്പോ

LIBRARY ARCHIVES Kerala Legislative Assembly

ഴുണ്ടായിരിക്കുന്ന തൊഴിലില്ലായ്മയും തത്ഫലമായി അനുഭവിക്കുന്ന പട്ടിണിക്കും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ അധഃപതനത്തിനും പരിഹാരമുണ്ടാക്കാനുള്ള യാതൊരു സഹായവും ചെയ്യാൻ ഇനിയും ആരംഭിച്ചിട്ടില്ലെന്ന വ്യസനത്തോടുകൂടി പറയേണ്ടിയിരിക്കുന്നു. അവരുടെ ഇന്നത്തെ ദയനീയാവസ്ഥ പ്രൊട്ടക്ടരവർകൾ കരുണയുള്ള ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽ എത്തിച്ചാൽ നിവാരണം നിമിഷത്തിൽ ഉണ്ടാകുമെന്നുള്ളതാണ് അവരുടെ ദൃഢവിശ്വാസം. മുൻപു വിദ്യാഭ്യാസം ചെയ്തുകൊണ്ടിരുന്ന കുട്ടികളിൽ വ ൦ ശതമാനവും ഇപ്പോൾ ഗതിയില്ലാതെ പിൻവലിഞ്ഞുകഴിഞ്ഞിരിക്കുന്നു. കടലുകയറ്റംകൊണ്ടും മറ്റും സ്ഥലവും കുടിലുകളും നശിച്ചുപോയവരുടെ എണ്ണം വളരെ അധികമാണ്. വല മുതലായ ഉപകരണങ്ങളും ജീർണ്ണിച്ചുപോയി. അതിനാൽ, പുലയർ, പറയർ മുതലായ സമുദായങ്ങൾക്ക് ഗവർമ്മെണ്ട് അവരുടെ ഉന്നമനത്തിനുവേണ്ടി എത്രത്തോളം സഹായം ചെയ്തുകൊടുത്തോ—എത്രത്തോളം സൌജന്യം അനുവദിച്ചുകൊടുത്തോ—അത്രത്തോളം സൌജന്യങ്ങളും സഹായങ്ങളും ഇവക്കും ചെയ്തുകൊടുക്കേണ്ടതാണ്. അതിനുള്ള താമസം അവരുടെ പുനരുദ്ധാരണം പ്രയാസമാക്കും. ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു് ആ കാര്യം പ്രൊട്ടക്ടരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ്.

അവശസമുദായങ്ങളെ പ്രതിനിധീകരിക്കുന്നതിനും അവരുടെ ആവശ്യങ്ങളെ വേണ്ടതുപോലെ നിർവഹിക്കുന്നതിനുമായി ഗവർമ്മെണ്ടിൽ നിന്നും അഡ്വൈസറിബോർഡു ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ സമുദായങ്ങളെ പ്രതിനിധീകരിക്കാൻ ഒരു മെമ്പരും അവിടെയില്ല. വളരെ വിഷമിച്ചും കഷ്ടപ്പെട്ടും, സ്കൂൾഫൈനൽവരെ പാസായ നൂറ്റിവിദ്യാർത്ഥികൾ, കാളേജുവിദ്യാഭ്യാസത്തിനു നിവർത്തിയില്ലാത്തതുകൊണ്ടു് പഠിത്തം നിറുത്തുകയാണു ചെയ്തതു്. ഇപ്പോൾ പ്രൈമറിവിദ്യാലയങ്ങളിലെ സംഖ്യയും കഴിഞ്ഞകൊല്ലത്തെ അപേക്ഷിച്ചു് വളരെ കുറഞ്ഞിട്ടുണ്ട്. കാരണം, ഇടവമാസത്തിലാണു് സ്കൂൾവർഷം ആരംഭിക്കുന്നതു്. ആ സമയം ഇവർക്കു യാതൊരു തൊഴിലും ചെയ്തു ജീവിക്കുവാൻപോലും വിഷമമാണ്. അതുകഴിഞ്ഞു്, മുണ്ടിനും, പുസ്തകത്തിനും മറ്റും ചക്രം ഉണ്ടാക്കിവരുമ്പോൾ പള്ളിക്കൂടങ്ങളിൽ ഉള്ള പ്രവേശനവും അടഞ്ഞുപോകുന്നു. അതിനാൽ ഈ വിഷമം അവരെ ബാധിക്കാതിരിക്കത്തക്കവണ്ണം, ഒന്നും രണ്ടും ക്ലാസുകളിലുള്ള പുസ്തകംക്രൂടി അവർക്കു വിതരണംചെയ്തു അവരെ സഹായിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. മൂന്നു ചക്രമോ, നാലു ചക്രമോ കൊടുത്തു് ഒരു പുസ്തകം വാങ്ങിക്കാൻ നി

LIBRARY ARCHIVES Kerala Legislative Assembly

[Mr. Codiveeltil C. Raman Kunju]

വർത്തിയില്ലാത്ത അവസ്ഥ, കഷ്ടാൽ കഷ്ടതരമാണ്. ഈ അവസ്ഥയിൽനിന്നും ഉള്ള മോചനമാണ് ആവശ്യപ്പെട്ടന്നത്. അതിനാൽ ഈ വിഷമസ്ഥിതി പ്രൊട്ടക്ടർ അവർകളുടെ ശ്രദ്ധയിൽ പെടണമെന്നും, അദ്ദേഹം അത് ഗവർമ്മെണ്ടിനെ അറിയിച്ച വേണ്ട പരിഹാരം ഉണ്ടാക്കുത്തരണമെന്നും വിചാരിച്ചാണ് ഞാൻ ഈ കട്മോഷൻ ഇവിടെ കൊണ്ടുവന്നിട്ടുള്ളത് എന്നു വീണ്ടും അറിയിച്ചുകൊള്ളുന്നു.

MR. KAVIYOOR K. K. KOCHUKUNJU: സർ, ഞാൻ ഈ ഉപക്ഷേപത്തോട് അനുകൂലിക്കുന്നു. ഈ ഉപക്ഷേപത്തോട് ഞാൻ അനുകൂലിക്കുന്നത് അവശസമുദായസംരക്ഷണവകുപ്പിന്റെ ഇപ്പോഴത്തെ മേലധ്യക്ഷനായ അതിസമർത്ഥനായ അവശസമുദായസംരക്ഷകന്റെ ഡിപ്പാർട്ടുമെൻറു ഭരണത്തെക്കുറിച്ച യാതൊരുവിധമായ ആരോപണങ്ങളും കൊണ്ടു വരുവാനല്ലായെന്നുള്ള പരമാർത്ഥം ആദ്യമായി പ്രസ്താവിച്ചുകൊള്ളട്ടെ. സർ, ഇപ്പോഴത്തെ അവശസമുദായസംരക്ഷകൻ താൻ ചുമതലപ്പെട്ടിരിക്കുന്ന കൃത്യനിർവ്വഹണത്തിന് തികച്ചും അർഹനാണെന്ന് ഞാൻ വിശ്വസിക്കുന്നതുപോലെതന്നെസകല അവശസമുദായാംഗങ്ങളും തലകുലുക്കി സമ്മതിക്കുമെന്നാണെന്റെ വിശ്വാസം. ബഹുമാനപ്പെട്ട ഗവണ്മെൻറിൽനിന്നും അവശസമുദായസംരക്ഷണത്തിന് ഇപ്പോഴം അനുവദിച്ചിട്ടുള്ള സംഖ്യയേക്കാൾ ഏറ്റവും മികച്ച ഒരു സംഖ്യ അദ്ദേഹത്തെ ചുമതലപ്പെടുത്തിയാലും ഭവണ്ട കാര്യത്തിന് വേണ്ടസ്ഥാനങ്ങളിൽ വേണ്ടതുപോലെ ചെലവു ചെയ്യ അഭിമാനകരമാംവണ്ണം ബഹുമാനപ്പെട്ട ഗവണ്മെൻറിന്റെ സദുദ്ദേശം സഫലമാക്കിതീർക്കുമെന്നുള്ള സംഗതി നിസ്തർക്കമാണ്.

സർ, അവശസമുദായങ്ങളുടെ നാനാമുഖങ്ങളായിരിക്കുന്ന പുരോഗമനത്തെ ലക്ഷ്യമാക്കി ബഹുമാനപ്പെട്ട ഗവണ്മെൻറ് ആണ്ടുതോറും ഒരു ഗണ്യമായ സംഖ്യ വ്യയംചെയ്യവരുന്നു. ഈ മഹനീയ പ്രവത്തി ഇവിടുത്തെ അവശസമുദായങ്ങൾ നന്ദിപൂർവം സ്മരിക്കയും ചെയ്യുന്നു. എന്നാൽ ബഹുമാനപ്പെട്ട ഗവണ്മെൻറു ആണ്ടുതോറും കരുണാപൂർവം അനുവദിക്കുന്ന ഈ സംഖ്യ യഥാർത്ഥത്തിൽ ഇവിടെഅവശതയനുഭവിക്കുന്ന എല്ലാ സമുദായങ്ങൾക്കും അനുഭവമാകുന്നുണ്ടോഎന്നുള്ള സംഗതി കരുണയേറിയ ഗവണ്മെൻറു കരുണാപൂർവം അന്വേഷിക്കേണ്ടതാണ്. അവശർ എന്ന പേരു അർത്ഥവത്തായിട്ടുള്ള ഏതെങ്കിലും സമുദായങ്ങൾ അവശസമുദായസംരക്ഷണത്തിന് വിധേയരാകാ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടെങ്കിൽ അവർ ആരെല്ലാമാണെന്ന് അന്വേഷണം നടത്തി കണ്ടു പിടിച്ചു അവരെക്കൂടി ഇപ്പോഴത്തെ ലിസ്റ്റിൽ ഉൾപ്പെടുത്തി ബഹു: ഗവണ്മെൻറിൽനിന്നും അവശസമുദായങ്ങൾക്ക് ഇപ്പോൾ ദയാപൂർവ്വം നൽകിപ്പോരുന്ന ആനുകൂല്യങ്ങളുടെ മധുരഫലം ആസ്വദിക്കുവാൻ തക്ക വിധം സംരക്ഷകൻ അവർകൾ വേണ്ട നടപടി കൈക്കൊള്ളേണ്ടതു് അവശസമുദായങ്ങളെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിൻെറ കടമയാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ വിഷയത്തിൽ അവശസമുദായസംരക്ഷകൻെറ സവിശേഷമായ ശ്രദ്ധ പതിഞ്ഞുകാണുവാൻ ഞാൻ ആഗ്രഹിക്കുന്നു.

സർ, ഒരു സമുദായം മുന്നോക്കമോ പിന്നോക്കമോ എന്ന് നിർണ്ണയിക്കേണ്ടതു് ആ സമുദായത്തിൻെറ വിദ്യാഭ്യാസം. സാമ്പത്തികനില ഭൂസ്വത്തുടമസ്ഥത സാമുദായികസ്ഥിതി ഇതുകളെ മാനദണ്ഡമാക്കി ആണെന്ന് ഞാൻ വിശ്വസിക്കുന്നതു ശരിയെങ്കിൽ ഒട്ടനേകം സമുദായങ്ങളെ ഇനിയും അവശസമുദായലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതായിട്ടുണ്ടു. അതിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു സമുദായമാണ് ഞാൻ പ്രതിനിധീകരിക്കുന്ന വണ്ണവസമുദായം. വർണ്ണവസമുദായത്തെക്കൂടി അവശസമുദായപട്ടികയിൽ ഉൾപ്പെടുത്തി പ്രോത്സാഹിപ്പിക്കുവാൻ ദയവുണ്ടാകണമെന്ന് ഏറിയ കാലങ്ങളായിട്ട് ഞങ്ങൾ അധികൃതസ്ഥാനങ്ങളിൽ അറിയിച്ചു കൊണ്ടിരിക്കുകയാണ്.

എന്തായാലും അതിസമർത്ഥനായ ഇപ്പോഴത്തെ അവശസമുദായസംരക്ഷകൻ മൂലം അവശസമുദായഡിപ്പാർട്ടുമെൻറിനു താമസം വിനാ ഒരു ശോഭനമായ ഭാവിയുണ്ടാകുമെന്നും അവശതയനുഭവിക്കുന്ന മറ്റു് സമുദായങ്ങളെക്കൂടി സംരക്ഷണവകുപ്പിൽ ഉൾപ്പെടുത്തി പ്രോത്സാഹിപ്പിക്കുമെന്നും ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട ഗവണ്മെൻറിൻെറയും അവശസമുദായ സംരക്ഷകൻ അവർകളുടെയും സവിശേഷമായ ശ്രദ്ധയെ സബഹുമാനം വീക്ഷിച്ചു കൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

MR. K. KUNJU PANICKAR : ഈ ഉപക്ഷേപത്തിൻെറ തത്വത്തോടു് ഞാൻ യോജിക്കുന്നു. ഇപ്പോഴത്തെ അവശസമുദായ സംരക്ഷകനെ സംബന്ധിച്ചും, അദ്ദേഹത്തിനു അവരോടുള്ള പ്രതിപത്തിയെ സംബന്ധിച്ചും എനിക്കു നേരിട്ടറിയാൻ ഇടയായിട്ടുണ്ടു്. അവരുടെ ഉന്നമനത്തിനുവേണ്ടി, അവരോടു വാത്സല്യത്തിൻെറ സൂചകമായി, ഒന്നു രണ്ടു പ്രാവശ്യം ഇദ്ദേഹം, കുന്നും മലയും മറ്റും കേറി ഇറങ്ങി സഞ്ചരിക്കുന്നതു ഞാൻ തന്നെ കണ്ടിട്ടുണ്ടു്. യഥാർത്ഥത്തിൽ ഇങ്ങനെയുള്ള ഒരാളാ

LIBRARY ARCHIVES Kerala Legislative Assembly

യിരിക്കണം അവശസമുദായ സംരക്ഷകനായിരിക്കേണ്ടതു്. ഇവർക്കു് ഇപ്പോൾ അനുവദിച്ചിരിക്കുന്ന ൪൦,൦൦൦-ൽ ചിലപ്പോൾ രൂപ ഒട്ടും മതിയാകയില്ലതന്നെ. എന്തെന്നാൽ, തികച്ചും അവശസമുദായം എന്നു പറയത്തക്കവണ്ണം, അതായതു്, അവരവരുടെ കായ്ം അവരവർക്കുതന്നെ അറിയാൻ തക്കവണ്ണമുള്ള ബോധം ഇല്ലാത്ത ആളുകൾ ഏകദേശം ൫൦ ലക്ഷത്തോളമുണ്ടു്. ഇങ്ങനെയുള്ള ആളുകളെ അവരുടെ സാമാന്യ ആവശ്യങ്ങൾ അറിഞ്ഞു സഹായിക്കാൻതന്നെ ഏകദേശം ഒരു ലക്ഷത്തിൽ കൂടുതൽ രൂപ വേണ്ടിവരുമെന്നാണു് എനിക്കു തോന്നുന്നതു്. ൪,൪൦൦ രൂപകൊണ്ടു് ത്യാഗപൂർവമായി ശ്രമിച്ചാലും അവരുടെ ഇച്ഛക്കുതക്കവണ്ണം പ്രവർത്തിക്കാൻ തുക മതിയാകാതെ വരും. ഇനിയും എനിക്കു പറവാനുള്ളതു് അവശസമുദായങ്ങളെ സംബന്ധിച്ചു ഗവണ്മെൻറിൽനിന്നും പുതുവൽ സംബന്ധിച്ചു ഒരു വ്യവസ്ഥ ഉണ്ടാക്കണമെന്നാണു്. ഗവണ്മെൻറു് അനുവാദം മുൻകൂട്ടിവാങ്ങാതേയും, അവരുടെ പേരിൽ രജിസ്റ്റർ ചെയ്യാതെയും, വസ്തുവിൽ പ്രവേശിച്ചു എന്നുള്ള കാരണംകൊണ്ടു്, അവർ പ്രവേശിച്ച വസ്തുക്കളിൽ നിന്നവരെ ബലമായിറക്കണം എന്നാണു് ഇപ്പോഴത്തെ ആർഡർ. ആ ഉത്തരവിനു് Retrospective effect കൊടുത്തിട്ടുള്ളതായി കാണുന്നു. അനേകം കാലമായി ഉത്തമവിശ്വാസത്തോടുകൂടി പ്രവേശിച്ചു്, ദേഹണ്ഡംചെയ്തു വസ്തുക്കളിൽനിന്നും ഈ സാധുക്കളെ ഗവണ്മെൻറു്, ഈ സർക്കുലറനുസരിച്ചു്, ആട്ടിപ്പായിക്കുന്ന കാഴ്ച വളരെ ദയനീയമാണു്. അതുകൊണ്ടു് ഈ Retrospective effect-ൽ എങ്കിലുംനിന്നു പിന്നാക്കസമുദായങ്ങളെ ഒഴിവാക്കണമെന്നും, അങ്ങിനെ ചെയ്യുന്നതിനു അവരുടെ സത്യസ്ഥിതി അറിയാൻ പിന്നോക്കസമുദായസംരക്ഷകൻറെ ഒരു സാക്ഷ്യപത്രം മതിയായ ഒരു തെളിവായി സ്വീകരിക്കണമെന്നും, ഞാൻ ഈ സഭാമുമ്പാകെ അറിയിച്ചുകൊള്ളുന്നു. ഇനിയും എനിക്കു പറയുവാനുള്ളതു് ഈ സാധുക്കൾക്കു് മേലാൽ, വസ്തുക്കളിൽപ്രവേശിച്ചു ദേഹണ്ഡം ചെയ്യുന്നതിനുവേണ്ട സൗകര്യം നൽകണമെന്നും പ്രബലസമുദായക്കാർ, ഇവർക്കു കൊടുക്കുന്ന വസ്തുക്കളെ കൈവശപ്പെടുത്താതിരിക്കത്തക്കവണ്ണം, അവശസമുദായസംരക്ഷകൻറെ കീഴിൽ, ഏതാനും ഉദ്യോഗസ്ഥന്മാരെ നാട്ടിൻറെ നാനാഭാഗങ്ങളിലും നിയമിക്കണമെന്നും ഉള്ളതാണു്. അങ്ങിനെ ചെയ്യാത്തപക്ഷം ഈ സാധുക്കൾക്കു മേലാൽ തിരുവിതാംകൂറിൽ ഒരിഞ്ചുഭൂമിപോലും കിട്ടാൻ സാധിക്കയില്ല. കൂടാതെ, വിദ്യാഭ്യാസവിഷയത്തിലും വേണ്ട പ്രോത്സാഹനം നൽകേണ്ടതാണു്. ഇപ്പോൾ അനുവദിച്ചിട്ടുള്ള സൗജന്യത്തിനും പുറമെ ഒന്നും രണ്ടും

LIBRARY ARCHIVES Kerala Legislative Assembly

ക്ലാസുകളിൽക്കൂടി പുസ്തകസഹായം ചെയ്യുന്നതിനും സംരക്ഷകൻവേണ്ട നിർദ്ദേശങ്ങൾചെയ്യണമെന്നും അപേക്ഷിച്ചുകൊണ്ട് ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

SADASYATILAKA T. K. VELU PILLAI: Sir, I am glad that so far as I am able to make out the work of this Department is getting on very well under the inspiration, guidance and encouragement of the Government. I have also had occasion to hear very encouraging accounts of the good work done by the Director. My purpose on the present occasion is to place before Government two or three aspects of the question. My friend Mr. Kunju Panicker emphasised the necessity of kind treatment of the occupants of land belonging to Government for a considerable period of time. I congratulate the present Government in their carefulness and strength in preventing Government land being encroached upon. But in Travancore, due to various causes, partly because Government were unaware, partly because Government were indifferent to it, but mainly because the subordinates did not do their duties properly people squatted on Government land unauthorisedly. I know of a gentleman, who is very highly placed I shall not mention his name—who remained for twenty or 25 years on a land before he paid a single chuckram as tax. That land is not more than 25 miles from Trivandrum. So when Government encouraged people to squat upon land, and also habitually registered Government lands in their possession to the occupants, if a rigorous rule is now applied it will work great hardship on the people as also on those classes of people who have spent large sums of money in improving these waste lands. I pray, Sir, that Government may be pleased to consider the registration of these lands in favour of the depressed classes as also the other classes who have spent money in improving the lands.

The next points relates to giving further scope for the work of the Director in order to give greater facilities to members of depressed classes to avail themselves of these opportunities. In this country, Government service is considered as very important. People may be asked to take to this and that trade. We find that for the last so many years these backward communities who are gratefully acknowledging the policy of the Government in recent times, have not been able to secure Government service. I want to place before the House the fact that special preference should be given to members of the Vala and Araya communities. There are other communities such as Kurava, Pulaya,etc., who should also be given preference. In regard to these two communities, *viz.*, the Vala and Araya they are people who have a past history. As a student of history, I may say that at one time they had boats and fought for the State. So far as fishery is concerned that is their hereditary occupation. My submission before this House is that educational facilities must be given, employment must be given and the Director must interest himself and place before Government matters for their immediate attention. Yesterday I placed before this House

LIBRARY ARCHIVES Kerala Legislative Assembly

[Sadasyatilaka T. K. Velu Pillai.]

the case of a Kurava young man. He came to me ten years ago and wanted a job. By accident he came to me recently. I could not recognise him but he recognised me. During all these years he has not got a job. My submission is that Government should give help to these people and prevent such help being retarded. With these words, I support the motion.

MR. T. T. KESAVAN SASTRI സർ, ആണറബിൾ മെമ്പർ, മി. രാമൻകുഞ്ഞു് അവതരിപ്പിച്ചിട്ടുള്ള, ഉപക്ഷേപം പൂരസ്കരിച്ച ഏതാനും സംഗതികൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാനും ആഗ്രഹിക്കുന്നു. വാലസമുദായാംഗങ്ങൾക്കു് അവശസമുദായ സംരക്ഷണ വകുപ്പു മുഖേന ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഈ ഉപക്ഷേപംകൊണ്ടു നിർദേശിക്കപ്പെട്ടിരിക്കുന്നു. എന്റെ അറിവിൽപെട്ടിടത്തോളം വാല സമുദായക്കാരും അരയസമുദായവിഭാഗക്കാരുമെല്ലാം അവശസമുദായ സംരക്ഷണവകുപ്പിൽ ഉൾപ്പെട്ടിരിക്കുന്നവെന്നുള്ളതാണു്. ഗവണ്മെൻറിന്റെ ആനുകൂല്യങ്ങൾക്കു അർഹരായ സമുദായക്കാരെല്ലാം ഈ വകുപ്പിന്റെ പലവിധസഹായങ്ങളും സമ്പാദിക്കുന്നുണ്ടു്. മി. രാമൻകുഞ്ഞിന്റെ അഭ്യർത്ഥനകളും വേണ്ടവിധം അംഗീകരിക്കേണ്ടതാണു്. ഭൂമിപതിപ്പുവിഷയത്തിലും വിദ്യാഭ്യാസാനുകൂല്യങ്ങളിലും ഉദ്യോഗസമ്പാദനകാര്യങ്ങളിലും മറ്റും, ഗവണ്മെൻറിന്റെ പ്രത്യേകനിർദേശങ്ങൾക്കും നിശ്ചയങ്ങൾക്കും അനുസ്യൂതമായ സഹായങ്ങളും ഇവക്കും കിട്ടേണ്ടതാണു്. അവശസമുദായസംരക്ഷകന്റെ കീഴിലുള്ള പ്രധാന ഉദ്യോഗസ്ഥന്മാർ ഫീൽഡാഫീസറന്മാരാണു്. ഇവരിൽ ഒരാൾതന്നെ ഈ സമുദായത്തിൽ പെട്ടവനും ജോലിക്കാര്യത്തിൽ വളരെ സമർത്ഥനുമാണെന്നു കാണുന്നതു് സന്തോഷാവഹമാണല്ലൊ. അവശസമുദായക്കാരിൽതന്നെ പല ജാതിക്കാരും അവസ്ഥാന്തരങ്ങൾക്കു വിധേയരായവരും ഉണ്ടു്. എല്ലാപേരും തുല്യദുഃഖിതരും സമനിലക്കാരും അല്ല. കൂടുതൽ അവശതകൾ ഉള്ളവരെ പ്രത്യേകമായി പരിഗണിച്ചും, അല്ലാത്തവരെ അവർഹിക്കുന്ന വിധത്തിലും, ഗവണ്മെൻറു് ഇന്നു സഹായിക്കുന്നതായിട്ടാണു ഞാൻ കാണുന്നതു്. യഥാർത്ഥത്തിൽ ഈ നയം ആവശ്യവും സമുചിതവുമാണു്. അവശസമുദായസംരക്ഷണത്തിനു വിധേയരായ അനവധി സമുദായങ്ങൾ ഇന്നു് പട്ടികയിൽ ഉണ്ടു്. പല സമുദായങ്ങളും ആനുകൂല്യങ്ങൾകൊണ്ടു് പട്ടികയിൽ ചേരാൻ ആഗ്രഹിക്കുകയും ചെയ്യുന്നുണ്ടു്. ഉള്ളതുപറഞ്ഞാൽ ഓരോരുത്തരുടേയും അവശതകൾ ഓരോരോ വിധത്തിലാണു്. ചിലർ സാമ്പത്തിക കാര്യങ്ങളിൽ, മറ്റുചിലർ സമുദായകാര്യങ്ങളിൽ വേറെ ചിലർവിദ്യാഭ്യാസകാര്യങ്ങളിൽ, ഉദ്യോഗങ്ങളിൽ, സ്വത

LIBRARY ARCHIVES Kerala Legislative Assembly

ന്ത്യാടികളിൽ എന്നവേണ്ട പലതിലും പലവഴി കുറവുള്ളവരാണ്. എന്നാൽ എല്ലാക്കാര്യങ്ങളിലും അധഃസ്ഥിതാവസ്ഥ അനുഭവിക്കുന്നവർ പുലയർ, പറയർ, കുറവർ മുതലായ സമുദായക്കാരാണ. ഇവരുടെ ദയനീയാവസ്ഥകൾ ആക്ഷം എങ്ങും കാണാവുന്നതുമാകുന്നു. അവശതകൾകൊണ്ട് ഈപട്ടിക ജാതികളുടെ മുൻപിൽനിൽക്കുന്ന പുലയർ മുതലായവക്ക് ഗവണ്മെൻറ് എല്ലാ വിധത്തിലും ക്രുതൽ സഹായങ്ങൾ ചെയ്യുന്നുണ്ട്. ഈ ഗണനീയസഹായങ്ങൾ എവിടെയും ആരാലും വാഴ്ത്തപ്പെടുന്നുമുണ്ട്. സർക്കാരിൻെറയും സംരക്ഷണവകുപ്പിൻെറയും ദയവേറിയ സഹായങ്ങളാൽ ഇവർക്കിന്നു പല പല നന്മകളും ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. പുതുവൽ ഭൂമികൾ, വിദ്യാഭ്യാസാനുകൂല്യങ്ങൾ, വ്യവസായസഹായങ്ങൾ ശ്മശാനങ്ങൾ, കിണറുകൾ എന്നവേണ്ട പല സഹായങ്ങളും കിട്ടുന്നുണ്ട്. എന്നാൽ ഏതാദ്ദശസഹായങ്ങൾ കിട്ടേണ്ടവർ ഇനിയും ലക്ഷക്കണക്കിന് ഉണ്ടെന്ന് പറയുന്നതു യാഥാർത്ഥ്യമാണ്. സഹായങ്ങൾ ലഭിച്ചവർ തദ്വാര സന്തുഷ്ടരായും സമാധാനമുള്ളവരായും കഴിയുന്നുണ്ടെന്നുള്ളതും പ്രത്യേകം ഓർക്കാവുന്നതാണ്.

സർ, ഗവണ്മെൻറ് അവശസമുദായസംരക്ഷണകൃത്യം ഏറ്റെടുത്തിട്ട് ഇപ്പോൾ പത്തുവർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. ഈ പത്തുവർഷങ്ങൾക്കുള്ളിൽ പല സഹായങ്ങളും ഉയർച്ചയും ഉണ്ടായിട്ടുണ്ടെന്നുള്ളതു മറക്കുന്നില്ല. എന്നാൽ ഇവരുടെ സാമ്പത്തിക നിലയ്ക്കും പൊതു സാമുദായിക ക്ഷേമത്തിനും സ്ഥായിയായ ഉൽക്കർഷം ഉണ്ടായിട്ടില്ലെന്നുള്ള കാര്യം പരമാർത്ഥമാണ്. സംരക്ഷണപരിപാടികൾ സൂക്ഷിച്ചാൽ ഈ കുറവുകൾ പരിഹരിക്കപ്പെടാനിടയാകുമെന്നു സമാധാനിക്കാൻ അവകാശം കാണുന്നുണ്ട്. ആരംഭത്തിൽ വെറും ൬൦൦൦ രൂപയിൽതുടയിരുന്ന ഈ ജോലി തുടങ്ങിയതു്. എന്നാൽ ഗവണ്മെൻറിൻെറ സവിശേഷശ്രദ്ധയും സഹായവും കൊണ്ടു് അതായതു് ൧൯൫൫-ൽ ശേഷം പ്രതിവർഷംകൂടി, ഇപ്പോൾ അൻപത്തിയോരായിരത്തിനുമേൽവരെ രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നുവെന്നുള്ളതു് ഞങ്ങൾ അറിയാതിരിക്കുന്നില്ല. ഇതിനു മുൻപൊരുകാലും ഇങ്ങനെയുള്ള ഒരു സഹായപരിപാടി ഉണ്ടായിട്ടില്ലെന്നുള്ളതു് കൃതജ്ഞതാപൂർവം പ്രസ്താവിച്ചുകൊള്ളുന്നു. അവിടുത്തെയും ഗവണ്മെൻറിൻേറയും നേരിട്ടുള്ള സശ്രദ്ധമായ കൺട്രോളിൽ നടക്കുന്ന അപ്പ്ലിഫ്റ്റ് വകുപ്പിൻെറ പ്രയോജനം അനേകായിരങ്ങളാണനുഭവിക്കുന്നതു്. സമർത്ഥമായ ഇന്നത്തെ സംരക്ഷണവകുപ്പിൻെറ സേവനവും പൊതുജനങ്ങൾക്കു ലഭിച്ചു കൊണ്ടിരിക്കുന്ന പലവിധ സഹായവും സംബന്ധിക്കുന്ന സംഗതികൾ ഒന്നൊന്നായി പറഞ്ഞാൽ സമയം

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. T. Kesavan Sastri]

ക്കൂടുതലായി എന്നുവരാം. അവശസമുദായക്കാരുടെ വിശ്വാസവും, സ്നേഹവും വേണ്ടുവോളം സഹകരണവും ഈ സംരക്ഷണവകുപ്പ് അർഹിക്കുന്നുണ്ട്. തന്നിമിത്തം ഗവണ്മെൻറിന്റെ സംരക്ഷണതാല്പര്യത്തിന് പ്രത്യേകതയും കൂടുതൽ വൈശിഷ്ട്യവും ഉണ്ടാകുകതന്നെ ചെയ്യും. സംരക്ഷണവകുപ്പിലെ ജോലിക്കാർ അർഹിക്കുന്നവിധം പ്രോത്സാഹനങ്ങളുംകൂടി നല്കി സഹായിക്കേണ്ട വിവരവും ഓർമ്മയിൽ വരാതിരിക്കുന്നില്ല. അതിലും ഗവണ്മെൻറ് യഥാസമയം വേണ്ടതു ചെയ്യാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു. സന്ദർഭവശാൽ ഈ കാര്യംകൂടി ഇവിടെ പറഞ്ഞുപോയിട്ടുള്ളതാണ്. ഗവണ്മെൻറ് ആശിക്കുന്നവിധം പ്രയോജനം ഈ ഡിപ്പാർട്ടുമെൻറ് മുഖേന ഉണ്ടാകുന്നുണ്ടെന്നും ഈ വകുപ്പിന്റെ മുടർന്നുള്ള സേവനം അവശസമുദായക്കാരുടെ ഉന്നമനത്തിനു അപരിഹാര്യമാണെന്നും ഉള്ള വസ്തുത, പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടും ഗവണ്മെൻറും ധരിച്ചിരിക്കുന്നുവെന്നുള്ളതു ഏറ്റവും ചാരിതാർത്ഥ്യജനകംതന്നെ. അങ്ങയുടെ ഗവണ്മെൻറ് ചെയ്തിട്ടുള്ള പല വലിയ കാര്യങ്ങളിൽ ഒട്ടും പിന്നിലല്ലാത്ത ഈ അവശസമുദായ സംരക്ഷണം ഒരു ധന്യധർമ്മം തന്നെയാണ്. ക്ഷേത്രപ്രവേശന വിളംബരംകൊണ്ടു അനേകലക്ഷങ്ങളെ ആനന്ദചിത്തരും സ്വതന്ത്രരും ആത്മാഭിമാനമുള്ളവരുമാക്കിയനുഗ്രഹിച്ച പൊന്നുതിരുമേനി ശ്രീചിത്തിരതിരുനാൾ തിരുമനസ്സിലെ, വിശ്വസ്ത സചിവപുംഗവനും, ദീനജനങ്ങളുടെ നിത്യാഭിവന്ദനത്തിന് ഏതുകൊണ്ടും അർഹനുമായ അങ്ങയുടെ ഗവണ്മെൻറും ഈ വിഷയത്തിൽ ചെയ്തിട്ടുള്ള വിലതീരാത്ത സഹായങ്ങളെ എടുത്തുകണ്ടു ശ്ലോഷിച്ചാലും സ്തുതിച്ചാലും മതിവരുന്നതല്ല: സർ, ഈ അവസരത്തിൽ അങ്ങയുടെ അല്പകാലത്തേക്കായാലും നേരിട്ടിട്ടുള്ള വേർപാടു കാര്യം എന്നെ അപഹൃദചിത്തനാക്കാതിരിക്കുന്നില്ല. ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒരു സേവനത്തിനു അതായതു് ബഹുമാനപ്പെട്ട വൈസ്രോയിസ്സ് കൗൺസിലിൽ സാമാജികനായിട്ടാണല്ലൊ അങ്ങ് ഇവിടംവിടുന്നതു്. ഈ ഉന്നതസേവനംകൊണ്ടു അങ്ങ് ഇൻഡ്യൻജനതയുടെ സർവ്വാദരവിനും പാത്രീഭൂതനാകേണ്ടതാണ്. അങ്ങയുടെ വേർപാടിൽ തിരുമനസ്സിലെ കാരുണ്യത്തിനും അങ്ങയുടെ സ്നേഹത്തിനും വിശ്വാസത്തിനും അർഹനായ ഒരാൾ ഇവിടത്തെ ഭരണസാരഥ്യം വഹിക്കുമെന്നുള്ളതു ഞങ്ങളെ തികച്ചും സന്തോഷമുള്ളവരാക്കിത്തീർത്തിരിക്കയാണ്. സംരക്ഷണവകുപ്പിന്റെ നേരിട്ടുള്ള കൂടുതൽചുമതലകളും വഹിക്കുന്ന ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി അവർകളുടെ അനുകൂല്യവും

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേകശ്രദ്ധയും ഉണ്ടാകുന്നതും ഞങ്ങൾ ഓർക്കാതെയിരിക്കുന്നില്ല. സർ, ഈ സന്ദർഭത്തിൽ ഒരു കാര്യംകൂടി ഇവിടെ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അവശസമുദായപ്രശ്നം—ഹരിജനോന്നമനാവശ്യം ഇന്ത്യയുടെ ജീവൽപ്രശ്നങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത കാര്യമാണല്ലോ. ഹരിജനോദ്ധാരണത്തിനുംഇൻഡ്യൻ സ്വാതന്ത്ര്യസ്വതന്ത്രസ്ഥാനത്തിനും വേണ്ടി ജീവത്യാഗം ചെയ്യുന്ന മഹാത്മാജിയും മറ്റു ഇൻഡ്യൻ നേതാക്കന്മാരുമെല്ലാം അവിടുത്തെ അഭിനന്ദിക്കുവാനും ആദരിക്കുവാനും അങ്ങയുടെ ഇവിടത്തെ അവശജനോന്നമന സാധ്യത പ്രത്യേകിച്ചും സഹായകമായിരിക്കയാണല്ലോ. ഇൻഡ്യയിലെ അധഃകൃതരുടെ അനിഷേധ്യ നേതാവും മഹാത്മാജിയുടേപോലും എതിർവാദിയുമായ ഡാക്ടർ അംബേദ്കർ തന്നെയും അങ്ങയെ സശിരസ്കമ്പം ആദരിക്കുന്നതാണല്ലോ. അനേകലക്ഷങ്ങൾക്കു അനുഗ്രഹീതനായ അങ്ങയോടു ഒരുമിച്ചു് അദ്ദേഹവും വൈസ്രോയിസ്സ് കൌൺസിലിൽ ഹാജരാകുന്നുവെന്ന കാണുന്നതു് വളരെ സന്തോഷം നൽകുന്ന ഒരു കാര്യമായിരിക്കുന്നു. തിരുവിതാംകൂറിലെ അവശസമുദായത്തെക്കാൾ അധികം അവശതയനുഭവിക്കുന്ന ഇൻഡ്യൻപ്രാവിൻസുകളിലെ അധഃകൃതവർഗ്ഗക്കാരെ ഗണ്യമായി സഹായിക്കാനും പ്രോത്സാഹിപ്പിക്കാനും മറ്റും ഈ സമയം കൂടുതൽ ഉപയോഗപ്പെടുന്നതാണല്ലോ. ഒരു വിധത്തിൽ ഞങ്ങൾക്കു് അസഹ്യമായിത്തീരുന്നുവെങ്കിലും അങ്ങയുടെ വിജയപൂരിതമായ തിരിച്ചുവരവിനെ പ്രതീക്ഷിക്കയും, അങ്ങയ്ക്കു തിരുവിതാംകൂറിലെ അവശസമുദായങ്ങളുടെ പേരിൽ സകല വിജയവും പ്രാർത്ഥിക്കയും, ചെയ്യാൻ ഈ അവസരവും ഉപയോഗിച്ചുകൊള്ളുന്നു.

മി. രാമൻകുഞ്ഞിന്റെ അഭ്യർത്ഥനയിൽ സദയം ശ്രദ്ധിക്കണമെന്നും അവശസമുദായ അഡ്വൈസറി കമ്മിറ്റിയിൽ അവർക്കുംപ്രാതിനിധ്യം നൽകണമെന്നും, സംരക്ഷണവകുപ്പിന്റെ ഭാവിക്കു് എല്ലാ അനുകൂല്യങ്ങളും നൽകണമെന്നു് അപേക്ഷിക്കയും, താല്പര്യപ്പെടുകയും, ചെയ്തുകൊണ്ടു് ഉപക്ഷേപത്തിന്റെ, തത്വത്തെ അനുകൂലിച്ചുകൊള്ളുന്നു.

MR. P. C. ADICHAN. സർ, അവശസമുദായസംരക്ഷകൻ മുഖേന ബഹുമാനപ്പെട്ട ഗവണ്മെൻറ് അവശസമുദായങ്ങൾക്കു ചെയ്തിട്ടുള്ള എല്ലാ കാര്യങ്ങൾക്കും ഞങ്ങൾ നന്ദിപറയുകയും അതിനെ മോദനമായി കീർത്തിക്കുകയും മാത്രമാണു് ഞാൻ ഇപ്പോൾചെയ്യുന്നതു. പ്രധാനമായി രണ്ടു മൂന്നു കാര്യങ്ങളിലാണു് അവർക്കു അവശതയുള്ളതു്. ഒന്നാമതു അവർക്കു സ്ഥലമില്ല. ഒരുപക്ഷേ വല്ലസ്ഥലവും ഉണ്ടെന്നിരുന്നാൽത

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. C. Adichan]

ന്നെയും അവശസമുദായസംരക്ഷകന്റെയടുക്കൽ അപേക്ഷകൾ കൊടുത്തു്, ആ അപേക്ഷ തഹശീൽദാർ, പേഷ്ക്കാർ എന്നിവർ മുഖേന ഗവണ്മെൻറിൽഎത്തിച്ചു് ഒടുവിൽ വരുമ്പോൾ ഒത്തുഎന്നും ചിലപ്പോൾ ഒത്തില്ലെന്നും വരുന്ന ഇന്നത്തെ അവസ്ഥയെ ഒന്നു മാറ്റണമെന്നാണു് എനിക്കു അഭ്യർത്ഥിച്ചു പറയുവാനുള്ളതു്. അതുകൊണ്ടു് അപേക്ഷ ഗവർമെൻറിനു നേരിട്ടയയ്ക്കുവാനും അതിനെപ്പറ്റി ഗവണ്മെൻറുതന്നെ നേരിട്ടു തീരുമാനം ചെയ്യുവാനും ഇടവരുത്തിയാൽ കൊള്ളാം. എത്രസങ്കടത്തോടുകൂടി ചെന്നാലും ഇന്നത്തെ അവശസമുദായസംരക്ഷകന്റെ ഒരു മന്ദസ്മിതം കാണുമ്പോൾ ഞങ്ങളുടെ സങ്കടങ്ങളെല്ലാം തീർന്നുപോകും. എഴ്ടുകൊല്ലമായി ഗവണ്മെൻറു ഒരു അവശസമുദായസംരക്ഷകനെ നിയമിച്ചു് അവരുടെ കാര്യങ്ങൾ അന്വേഷിക്കുവാൻ തുടങ്ങിയിട്ടുണ്ടു്. എന്നാൽ ഫലം-ൽ ഉണ്ടായ ഗുണംപോലെ ഒരിക്കലും അവശസമുദായങ്ങൾക്കു ഗുണം ഉണ്ടായിട്ടില്ല. പള്ളിക്കൂടത്തിൽ പോകാൻ വസ്ത്രമില്ലാത്തവക്കു വസ്ത്രവും പുസ്തകങ്ങളില്ലാത്തവർക്കു പുസ്തകവും മറ്റും കൊടുക്കുന്നതിലും അവരുടെ മറ്റു സങ്കടങ്ങൾ അന്വേഷിച്ചറിയുന്നതിലും ഇന്നത്തെ അവശസമുദായസംരക്ഷകൻ ബദ്ധശ്രദ്ധനായിരുന്നിട്ടുണ്ടു്. ഈ അവസരത്തിൽ ഒരു കാര്യംകൂടി എനിക്കു ബഹുമാനപ്പെട്ട ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതായിട്ടുണ്ടു്. ഇപ്പോൾ ഒന്നും രണ്ടും ക്ലാസ്സിലേക്കുള്ള പുസ്തകങ്ങൾ വില കൂടാതെ കൊടുക്കണമെന്നു ചില മെബറന്മാർ പറഞ്ഞു. എന്നാൽ മൂന്നാംനാലും ക്ലാസ്സിലേക്കുള്ള പുസ്തകങ്ങൾക്കു വിലകൂടാതെ അവശസമുദായങ്ങളിലെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്ന ഒരു നയമാണു് ഗവണ്മെൻറു കൈക്കൊണ്ടിരിക്കുന്നതു്. അതാണു ഏറ്റവും നല്ലതു. എന്നാൽ ഒന്നാംരണ്ടുംക്ലാസ്സുകളിലെ പുസ്തകങ്ങൾക്കു വിലവച്ചിരുന്നാലും തരക്കേടില്ല. മൂന്നാം നാലും ക്ലാസ്സുകളിലെ പുസ്തകങ്ങൾക്കു വില വാങ്ങിക്കരുതാത്തതാണു ഉപകാരം. എന്തെന്നാൽ ഒന്നും രണ്ടും ക്ലാസ്സുകളിലെ പുസ്തകങ്ങൾക്കു് അതു വില വരികില്ലാത്തതുകൊണ്ടു് ഏതുരക്ഷകത്താവും അതു വാങ്ങിച്ചുകൊടുത്തുകൊള്ളും. ഈ കാര്യവും ഗവർമെൻറു ശ്രദ്ധിക്കണമെന്നപേക്ഷിക്കുന്നു.

അവശസമുദായസംരക്ഷകന്റെ കീഴിൽ മൂന്നു ഫീൽഡ് ആഫീസറന്മാരുണ്ടു്, അവർ പലതരത്തിലും അവശസമുദായങ്ങളെ സഹായിക്കുന്നുണ്ടെന്നുള്ളതു് സന്തോഷസമേതം പ്രസ്താവിച്ചുകൊള്ളുന്നു. പോലീസുകാരുടേയും മറ്റു ഡിപ്പാർട്ടുമെൻറുകാരുടേയും മറ്റും ഉപദ്രവങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വരുമ്പോൾ ഈ ഫീൽഡ് ഓഫീസറന്മാർമുഖേന പരിഹാരം ഉണ്ടായിട്ടുണ്ട്. വസ്തുസംബന്ധമായ കാര്യങ്ങളിലും ഈ ഫീൽഡ്ഓഫീസറന്മാരുടെ സഹായസഹകരണങ്ങളാണ് അവശസമുദായങ്ങൾക്കു ലഭിച്ചുകൊണ്ടിരിക്കുന്നത്. സ്ഥലം സംബന്ധമായ കുഴപ്പങ്ങളും വഴക്കുകളും മറ്റും എത്രയും എളുപ്പം ഇല്ലാതാക്കുന്നതിനു പോഷ്കാരുടെ അധികാരം ഇന്നത്തെ അവശസമുദായസംരക്ഷകനു കൊടുത്താൽ മതിയാകുന്നതാണ്. ഗവണ്മെൻറ് അവശസമുദായങ്ങൾക്കു ചെയ്തുതന്നിട്ടുള്ള എല്ലാസഹായങ്ങൾക്കും ഒന്നുകൂടി നന്ദി പറഞ്ഞുകൊണ്ടു ഞാൻ വിരമിച്ചുകൊള്ളുന്നു.

MR. K. R. NARAYANAN : സർ, ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. അവശസമുദായങ്ങൾക്കു വിദ്യാഭ്യാസം ഉണ്ടാക്കുക, സ്ഥലം ഉണ്ടാക്കുക, ശ്മശാനം ഉണ്ടാക്കുക, അവരുടെ അഭിവൃദ്ധിക്കും സംസ്കാരാഭ്യുന്നതിക്കും എന്തെല്ലാം ചെയ്യാൻ കഴിയുമോ അതൊക്കെ ചെയ്യുക ഇതു ഗവണ്മെൻറിന്റെ അപരിത്യാജ്യമായ കർമ്മമാണ്. പക്ഷെ സ്ഥലം പതിച്ചുകൊടുത്തതുകൊണ്ടുമാത്രം ആയില്ല. എന്റെ അടുത്തു ഒരു ഫർ ഏക്കർസ്ഥലം അവശസമുദായങ്ങൾക്കായി പതിച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ കഴിഞ്ഞമാസം വരെ- അതിൽ അറേക്കർ സ്ഥലവും കരക്കുടിശികക്കായി ലേലംചെയ്തുപോയി. ലേലത്തിൽപിടിച്ചതു പ്രബലസമുദായത്തിൽപ്പെട്ടവരാണ്. ഇതു ഗവണ്മെൻറിന്റെ ഉദ്ദേശത്തിനു പര്യാപ്തമായിട്ടുള്ളതല്ല. കരക്കുടിശിക അവശസമുദായക്കാർ വരുത്തുകയാണെങ്കിൽ ഒന്നുകിൽ ഗവണ്മെൻറു ആ കരം ഇളച്ചുകൊടുക്കുകയോ അല്ലാത്തപക്ഷം ഗവണ്മെൻറു ആ സ്ഥലം കണ്ടുകെട്ടുകയോ ആണ് ചെയ്യേണ്ടതു്. അവശസമുദായക്കാർക്കു പതിച്ചുകൊടുത്ത സ്ഥലം പ്രബലസമുദായക്കാർ പിടിച്ചെടുക്കുന്നതു വീണ്ടും അവശസമുദായക്കാരെ അവശസമുദായക്കാരാക്കിത്തീർക്കുവാൻ വേണ്ടി മാത്രമാണ്.

MR. K. K. KUNJU PANICKER : പ്രബലസമുദായക്കാരുടെ വസ്തുക്കളും ചിലപ്പോൾ കരക്കുടിശികയ്ക്കു ലേലംചെയ്തുപോകാറില്ലേ?

MR. K. R. NARAYANAN : അതും ഇതും തമ്മിൽ വ്യത്യാസമുണ്ട്. പ്രബലസമുദായക്കാരന്റെ സ്ഥലം ഒരു പക്ഷെ പോകുന്നതു ഷർട്ടും രണ്ടാംമുണ്ടും ഇട്ട ഒരുവന്റെ ഷർട്ടും രണ്ടാംമുണ്ടും പോകുന്നതിനു തുല്യമാണ്. എന്നാൽ അവശസമുദായക്കാരന്റെ കഥ അതല്ല. അതു് അവന്റെ ഏകകച്ചമുണ്ടു പോകുന്നതിനു തുല്യമാണ്. ഇന്നു നടക്കുന്നതു് അവശസമുദായക്കാരുടെ കൈയറാഫിൽ പ്രബലസമുദായക്കാരിൽ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan.]

ചിലർ വസ്തുക്കൾ കൈവശപ്പെടുത്തുന്ന സംപ്രദായമാണ്. ഞാൻ അവശസമുദായക്കാരുടെ മദ്ധ്യത്തു ജീവിക്കുന്ന ഒരാളാണ്. അവർക്കു കിടക്കാനും കുടിക്കാനും ഉള്ള വിഷമത്തേക്കാൾ കൂടുതലുള്ള വിഷമം ശ്മശാനം ഇല്ലാത്തതുകൊണ്ടുള്ള വിഷമമാണ്. വയ്യാത്ത ഇവരുടെയിടയിൽ വസൂരി പിടിച്ചിരുന്നപ്പോൾ കായലിൽക്കൂടി എത്രയോ ആളുകളുടെ ശവശരീരം ഒഴുകിപ്പോയിരുന്ന എന്ന എനിക്കറിയാം. ഇതിൽ അധികവും അവശസമുദായക്കാരുടേതായിരിക്കണം. ശവസംസ്ക്കരണത്തിനു ഇവർക്കു സ്വന്തസ്ഥലമില്ലാത്തതുകൊണ്ടു അവർ വളരെ വിഷമിക്കുന്നുണ്ട്.

SADASYATILAKA T. K. VELU P.LLAI : അവശസമുദായക്കാരല്ലാത്തവരുടെ ശവശരീരവും ഇക്കൂട്ടത്തിൽ കാണുകയില്ലേ? അതുകൊണ്ടു പൊതുവായ ഒരു ശ്മശാനം ഉണ്ടാക്കുന്നതല്ലേ നല്ലത്?

MR. K. R. NARAYANAN : അതിനും എനിക്കു വിരോധമില്ല. എന്നാൽ ശ്മശാനമില്ലാത്തതുകൊണ്ടു കൂടുതൽ വിഷമതകരം അനുഭവിക്കുന്നതു് അവശസമുദായക്കാർ ആണെന്നു മാത്രമേ ഞാൻ പറഞ്ഞുള്ളൂ.

MR. T. T. KESAVAN SASTRI : ഇപ്പോൾ അവർക്കു കുറെ ശ്മശാനസ്ഥലങ്ങൾ അനുവദിച്ചുകൊടുത്തിട്ടുണ്ടെന്നുള്ള വിവരം മെമ്പർക്ക് അറിയാമോ?

MR. K. R. NARAYANAN : അറിയാം. കുറെയൊക്കെയുണ്ട്. വൈക്കത്തുതന്നെ തലയാഴം പകുതിയിൽ ൫൦൦ ഏക്കർ സ്ഥലം അവശസമുദായക്കാർക്കു പതിച്ചുകൊടുത്തു. ഇതു കൃഷിക്കായിട്ടാണു പതിച്ചുകൊടുത്തതു്. എന്നാൽ കാര്യക്ഷമമായ വിധത്തിൽ അവിടെ നടത്തപ്പെട്ടുനില്ലെന്നാണു എന്റെ അറിവു്. പറയം പറയമായി സ്ഥലം വീതിച്ചുകൊടുത്തൊ, അല്ലെങ്കിൽ ഓരോ വ്യക്തികൾക്കും പ്രത്യേകമായി തിരിച്ചുകൊടുത്തൊ പരസ്പരസഹായഡിപ്പാർട്ടുമെന്റിന്റെ സഹകരണത്തോടുകൂടി അവിടെ കൃഷിചെയ്യിപ്പിക്കേണ്ടതാണു. സാമ്പത്തികനില അഭിവൃദ്ധിപ്പെടുത്താതെയുള്ള യാതൊരു വക സംരംഭങ്ങളും അവശസമുദായത്തെ സംബന്ധിച്ചിടത്തോളം ചെകിടന്റെ മുൻപിൽ പാട്ടു പാടുന്നതുപോലെ നിഷ്ഫലമാണ്. ഏറ്റവും ഇട്ടാണു ആശ്രയിച്ചാണിരിക്കുന്നതു്. ആരുടെ കൈവശം പണമുണ്ടോ, വസ്തുഉണ്ടോ അവൻ മിടുക്കൻ. ആരുടെ കയ്യിൽ അതില്ലയോ അവർക്കു അവശതയും ഉണ്ട്. സരോജിനീദേവിയോടു ഒരിക്കൽ ഒരാൾ ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിനായി അത്യാവശ്യമായി ചെയ്യേണ്ട മൂന്നു കാര്യങ്ങൾ എന്തെല്ലാമാണെന്നു ചോദിക്കുകയുണ്ടായി. അതിനു അവർ ഉത്തരമായി പറഞ്ഞതു് ഇങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

യാണ്. 'ഒന്നാമത്തേത് ഇൻഡ്യാക്കാർ സംഘടിക്കുക. രണ്ടാമത്തേത് ഇൻഡ്യാക്കാർ സംഘടിക്കുക മൂന്നാമത്തേത് ഇൻഡ്യാക്കാർ സംഘടിക്കുക. അതുപോലെ അവശസമുദായോദ്ധാരണത്തിനു ഒന്നാമത്തേത് അവരുടെ സാമ്പത്തികശക്തി വർദ്ധിപ്പിക്കുക. രണ്ടാമത്തേത് സാമ്പത്തികശക്തി വർദ്ധിപ്പിക്കുക. മൂന്നാമത്തേത് സാമ്പത്തികശക്തി വർദ്ധിപ്പിക്കുക എന്നാണ്. എനിക്കും പറയുവാനുള്ളതും. സാമ്പത്തികശക്തി ഉണ്ടായിക്കഴിഞ്ഞാൽ വിദ്യാഭ്യാസത്തോത് താനേ ഉയരും. അപ്പോൾ സംസ്കാരവും ഉണ്ടായിക്കൊള്ളും അതുകൊണ്ട് അവരുടെ സാമ്പത്തികനില ഉയർത്തുകയാണ് അത്യാവശ്യമായി വേണ്ടത്. അതൊന്നുമാത്രമാണ് എനിക്ക് അവശസമുദായസംരക്ഷകനോട് ഇവർക്കുവേണ്ടി അപേക്ഷിക്കുവാനുള്ളത്. ഈ അപേക്ഷയോടുകൂടി ഞാൻ മി. രാമൻകുഞ്ഞിന്റെ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

MR. T. C. KESAVA PILLAI : സർ, തെക്കൻ തിരുവിതാംകൂറിലെ കാണിക്കാരുടെ കാര്യം അവശസമുദായസംരക്ഷകന്റെ ദൃഷ്ടിയിൽ വരാത്തത് സങ്കടകരമാണ്. അവർക്ക് കുടിക്കുന്നതിനു ജലം കിട്ടുന്നില്ല. ചിലപ്പോൾ മലയുടെ താഴ്വരയിൽ നിന്നുവേണം വെള്ളം കൊണ്ടുവരേണ്ടത്. അവർ സദാ പ്രത്യേകം ഒരു സ്ഥലത്തു താമസിക്കുന്നവരല്ല. നൂറുവർഷത്തിലൊരിക്കൽ മല മാറിത്താമസിക്കുന്നവരാണ് അവർ. വിദ്യാഭ്യാസം അവർക്ക് എങ്ങനെയിരിക്കുന്നുവെന്ന് അറിഞ്ഞുകൂടാ. ഇപ്പോൾ ഫാറസ്റ്റ് ഗാർഡന്മാരുടെ വക വേലക്കാരായ അവർ കഷ്ടത അനുഭവിച്ചുവരുന്നു. ഇവരുടെ കാര്യത്തിൽകൂടെ 'അവശസമുദായസംരക്ഷകന്റെ ശ്രദ്ധ പതിയേണ്ടതാണ്.

MR. N. VELU ACHARY : സർ, ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടും ഗവണ്മെന്റും അവശസമുദായങ്ങളുടെ ഉന്നമനത്തിനു മനസാ വാചാ കർമ്മണാ വേണ്ടത് പ്രവർത്തിക്കുന്നു എന്നുള്ളതു ഈ രാജ്യത്തുള്ള സകല ജനങ്ങളും ജാതിമതഭേദമെന്യെ ഘോഷിക്കുന്നുണ്ട്. അതു അവശജനങ്ങൾതന്നെ സ്മരിച്ചു സ്തുതിക്കുന്നുമുണ്ട്. കഴിഞ്ഞ രണ്ടുമൂന്നു ബഡ്ജറ്റ് സമ്മേളനങ്ങളിൽ ഞാൻ പ്രസ്താവിച്ചിട്ടുള്ളതുപോലെ അവശജനങ്ങൾക്കു ചെയ്യുന്ന ഈ അനുഗ്രഹങ്ങൾ യഥാർത്ഥമായി അവശത അനുഭവിക്കുന്ന ജനങ്ങൾക്കു കൂടി ലഭിക്കുന്നുണ്ടോ എന്നു സംശയമാണ്. ഇന്നത്തെ അവശജനസംരക്ഷകനും പുരാതനവസ്തുസംരക്ഷകനുമായ ബഹുമാനപ്പെട്ട മെമ്പറിന്റെ സാന്നിദ്ധ്യത്തിൽ ഈ വസ്തുത പ്രസ്താവിക്കുന്നതു സമ്മതിക്കും എന്നു ഞാൻ വിശ്വസിക്കുന്നു. പറയർ, പുലയർ, കുറവർ തുടങ്ങിയ ജന

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. Velu Achary.]

ങ്ങളിൽ വാസ്തവത്തിൽ ഇത്തരം അനുഗ്രഹങ്ങൾക്ക് അർഹരുണ്ട് എന്നിരുന്നാലും അതുപോലെ അർഹതയുള്ള ഒരു സമുദായമാണ് ഞാനും പ്പെട്ട സമുദായം. ഈ സംഗതി ബഹുമാനപ്പെട്ട ഗവണ്മെൻറിനും ഈ സഭസ്സിനും അറിവുള്ളതാണ്.

പുരാതനകാലങ്ങളിൽ ഇവിടുത്തെ കരകൗശലവിദ്യകൾ സംസ്കരണത്തിൽ വിശ്വകർമ്മസമുദായം അദ്വിതീയസ്ഥാനത്തെ അലങ്കരിച്ചിരുന്നവരാണ്. ഇപ്പോഴും അപ്രകാരം തന്നെയാണ് കാണുന്നതു്. അവർക്ക് കരകൌശലസാധനനിർമ്മാണത്തിൽ നിന്നും പ്രകൃത്യാ ഉദ്ഭൂതമാകുന്ന പരിപാവനമായ പരിശുദ്ധതയും ഒരു നല്ല പാരമ്പര്യവും സന്നദ്ധതയും ഇന്നും മാറിയിട്ടില്ല. എന്നിരുന്നാലും സാമ്പത്തികനിലയെക്കുറിച്ചു നോക്കുമ്പോൾ അവർ അവശരിൽ അവശരാണെന്ന് ഇവിടുത്തെ ഗവണ്മെൻറിന്റെ റിക്കാർഡുകൾമൂലം തന്നെ എണ്ണി എണ്ണി പറയാൻ എത്ര എത്രയോ തെളിവുകൾ ഉണ്ട്. സർ, വളരെ വർഷങ്ങൾ മുതൽ ഇങ്ങോട്ട് നോക്കുന്നപക്ഷം ഈ നാട്ടിലുള്ള സകല ജനവിഭാഗങ്ങൾക്കും ആവശ്യമുള്ള ഉപകരണങ്ങൾ എല്ലാം ഒരുക്കിക്കൊടുക്കുന്ന ഒരു സമുദായമാണ് ഇതു്. ഇന്നും അതുതന്നെയാണ് അവരുടെ ജോലി. കഴിഞ്ഞകാലങ്ങളിൽ അവരുടെ ജീവിതം എങ്ങിനെ ആയിരുന്നു എന്നു പറഞ്ഞാൽ ഒരു വീട്ടിന്റെ പറമ്പിൽ പത്തുമൂട് തെങ്ങുണ്ടെങ്കിൽ ഒരു തെങ്ങിലെ തേങ്ങ അവക്കാണ്. പത്തുമൂട് ചേമ്പുണ്ടെങ്കിൽ ഒരു മൂട് ചേമ്പ് അവക്കാണ്; പത്തു പറ നിലം കൃഷിചെയ്യുന്നുണ്ടെങ്കിൽ ഒരുപറനിലത്തിൽ കിട്ടുന്നതു് അവക്കാണ്; ഇങ്ങനെ ഓരോ കൃഷിയുടേയും ഭാഗം ഈ വിശ്വകർമ്മർക്കുണ്ടായിരുന്നു. ഇങ്ങനെ സകല സാമഗ്രികളും ഒരുക്കിക്കൊടുത്തു് അവരുടെ ചിലവു് ഭംഗിയായി കഴിഞ്ഞുവന്നിരുന്നു. അക്കാലത്തു് അവർക്ക് സ്വന്തമായി ഒരു സെൻറ് ഭൂമിപോലും സമ്പാദിക്കേണ്ട ആവശ്യവുമില്ലായിരുന്നു. ആഹാരസമ്പാദനമാണല്ലോ അത്യാവശ്യമായിട്ടുള്ളതു്. അവരുടെ താമസവും മിക്കവാറും ഗൃഹസ്ഥന്റെ വക പറമ്പിലായിരിക്കും. ഇന്നത്തെ നില പാടെ മാറിയിരിക്കുന്നു. ഇവർ എത്ര തന്നെ കരകൗശലവിദഗ്ദ്ധരും തച്ചുശാസ്ത്രപണ്ഡിതരുമായിരുന്നാലും കൂലിവേല എന്ന നിലയിൽ അധഃപതിച്ചു അരസെൻറ് ഭൂമിപോലുമില്ലാതെ അരപട്ടിണിക്കാരായിട്ടാണ് കഴിഞ്ഞുകൂടുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ബാക്ക് വേർഡ് കമ്മ്യൂണിറ്റി എന്നു പറഞ്ഞാൽ അതു് ഏതാണെന്നു തിരിച്ചറിയുന്നതിനുവേണ്ടിയും വിശ്വകർമ്മസമുദായത്തിന്റെ അനുഭവം വെളിപ്പെടുത്തി പരിഹാരം നേടണമെന്നും മാത്രമേ ഉള്ളൂ. അതുകൊണ്ടു് ഗവണ്മെന്റു് ഇക്കാര്യങ്ങൾ ദയവായി വീക്ഷിച്ചു് വിശ്വകർമ്മസമുദായത്തിനുകൂടി വേണ്ട സൗജന്യങ്ങൾ ചെയ്തുകൊടുക്കണമെന്നുള്ള അപേക്ഷയാണു ചെയ്യുന്നതു്. ഇങ്ങനെ കാലക്ഷേപം ചെയ്തുപോന്ന അവർക്കു് സ്വന്തം ഭൂമിയുടെ ആവശ്യമില്ലായിരുന്നു. ഇന്നു വാസ്തവം പറഞ്ഞാൽ രണ്ടേമുക്കാൽലക്ഷത്തോളം ജനങ്ങളുള്ള ഈ സമുദായത്തിൽ നൂറിനു്, ഒന്നോ, രണ്ടോ പേർക്കു് സ്വന്തം ഭൂമി ഉണ്ടെന്നു വരാം. ബാക്കിയുള്ളവർ ഒരുസെന്റു ഭൂമിപോലും സ്വന്തമായി ഇല്ലാത്തവരാണു്. അവർ ഭൂരിഭാഗവും ബഹുമാനപ്പെട്ട മെമ്പറന്മാരുടെയോ അവർ ഉൾപ്പെട്ട സമുദായാംഗങ്ങളുടെയോ പറമ്പുകളിൽ കിടക്കയാണു്. അതു ശോചനീയാവസ്ഥയിൽ കിടക്കുന്ന ഈ സമുദായത്തിന്റെ സാമ്പത്തികനിലയെപ്പറ്റി പ്രത്യേകം പറയേണ്ട ആവശ്യമില്ലല്ലോ. മി. കെ. ആർ. നാരായണൻ പറഞ്ഞതുപോലെ ഈ സമുദായത്തിന്റെ സ്ഥിതിഗതികളെ ചിന്തിക്കയാണെങ്കിൽ ഒരു വ്യക്തിയുടേയോ, ഒരു കുടുംബത്തിന്റേയോ, ഈ സമുദായത്തിന്റെ പൊതുവേയൊ ഉള്ള സാമ്പത്തികനില ഏതുനിലയിൽ ഇരിക്കുമോ അതുപോലെയാണു് ഈ രാജ്യത്തിന്റെ സാമ്പത്തികനിലയും വൈശ്യവൃത്തിയും സ്ഥിതിചെയ്യുന്നതു്. ഇങ്ങനെയിരിക്കെ തെളിച്ചു പറയുകയാണെങ്കിൽ ഈ രാജ്യത്തു നിവസിക്കുന്ന സകലമാനജനങ്ങൾക്കും ഉപയോഗപ്രദമായ സാമഗ്രികൾ നിർമ്മിച്ചുകൊടുത്തു് കഴിഞ്ഞുകൂടുന്ന ഈ വർഗ്ഗത്തിന്റെ സാമ്പത്തികനിലയെ അഭിവൃദ്ധിപ്പെടുത്തുന്നതുകൊണ്ടു് ഇവരെക്കൊണ്ടുള്ള സഹായം ആക്കാണോ അവക്കാണു് കൂടുതൽ പ്രയോജനമുള്ളതു്. അതുകൊണ്ടു ഇവർക്കു കൂടി അവശസമുദായസൗജന്യങ്ങൾ നൽകണം.....

MR. N. NARAYANA KURUP : സർ, ഞാൻ ഈ വകുപ്പിലെ ഭരണസംബന്ധമായ കാര്യങ്ങളെ പരാമർശിച്ചു് അയച്ചിട്ടുള്ള ഉപക്ഷേപം പ്രത്യേകമായി ഇവിടെ അവതരിപ്പിക്കാതെ ഈ സമയം ഉപയോഗിച്ചു് അതിനെ സംബന്ധിച്ചു് രണ്ടു വാക്കു് പറഞ്ഞുകൊള്ളട്ടെ. അവശസമുദായം എന്നറിയപ്പെട്ടിട്ടുള്ള സമുദായങ്ങൾ പ്രധാനമായിട്ടു് പറയർ, പുലയർ, കുറവർ ഇവരായിരുന്നു. അതിനുള്ള കാരണം മറ്റു സമുദായങ്ങൾ അവരുടെ സാമ്പത്തികനില വർദ്ധിപ്പിക്കണമെന്നവിചാരിച്ചു് പ്രവർത്തിച്ചുകൊണ്ടിരുന്ന കാലത്തുപോലും ആ ഉദ്ദേശം കൂടാതെ

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ ഉദരപൂരണത്തിനായി മാത്രം മറുള്ളവരെ ആശ്രയിച്ചും വേല ചെയ്തും ജീവിച്ചുപോന്നവരാണ് ഇവർ. അവരോട് ഇതരസമുദായക്കാർ നന്ദിപൂർവം പ്രവർത്തിക്കാതിരുന്നതിന്റെ ഫലമായിട്ടാണവശരായി ഇന്നും കിടക്കുന്നത്. ഇങ്ങനെയുള്ള നന്ദികേടുകൾ പരിഹരിക്കുന്നതിനായി നമ്മുടെ ഗവണ്മെൻറ് അവരുടെ നില ഉയർത്തണമെന്നും കരുതിയാണ് ഈ ഒരു വകുപ്പ് ഏർപ്പെടുത്തി പ്രവർത്തനം ആരംഭിച്ചത്. പ്രവർത്തനങ്ങൾ പലതും നടത്തിയിട്ടുണ്ട്. ഏതെല്ലാം സമുദായക്കാരെ ഈ വകുപ്പിൽ ഉൾപ്പെടുത്താമെന്നുള്ളതിൽ എനിക്ക് വാദമില്ല. എന്റെ സ്നേഹിതൻ മി. രാമൻകുഞ്ഞു പറഞ്ഞതുപോലെ അരച്ചന്മാരായിരുന്ന അരയന്മാരും ഇവിടെ ഉണ്ടായിരുന്നു. പെന്പക ശ്ശേരി അരയൻ ധാരാളം വസ്തുക്കളുള്ള ഒരു അരയനായിരുന്നു. പക്ഷേ ഇവരിൽ പലരും ഇപ്പോൾ അവശരായിട്ടുണ്ട്. അവരെക്കൂടി ഈ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിൽ എനിക്കാക്ഷേപമില്ല. അതുപോലെതന്നെ എന്റെ സ്നേഹിതൻ വേലുആചാരിയുടെ സമുദായത്തേയും ഇക്കൂട്ടത്തിൽ കൊണ്ടുവരണമെന്നു പറയുന്നതിൽ എനിക്കാക്ഷേപമില്ല. അവർക്ക് ഈവിഭാഗത്തിൽ വരണമെന്നുണ്ടെങ്കിൽ അവരെക്കൂടി ഉൾപ്പെടുത്തി പ്രവർത്തിക്കുന്നതു നന്നായിരിക്കും. നമ്മുടെ ഗവണ്മെൻറ് ചെയ്തിട്ടുള്ള പ്രവർത്തനം നോക്കിയാൽ ഡെവലപ്പുമെൻറുഡിപ്പാർട്ടുമെൻറ്, ലാൻഡുറവന്യൂ ഡിപ്പാർട്ടുമെൻറ്, എഡ്യൂക്കേഷൻഡിപ്പാർട്ടുമെൻറ്, വ്യവസായഡിപ്പാർട്ടുമെൻറ് ഈ നാലു ഡിപ്പാർട്ടുമെൻറുകൾവഴിക്ക് ധാരാളം പണം അവർക്കായി ചിലവുചെയ്തിട്ടുണ്ട്. ൧൯൧൬-ൽ ൧൨൫൫ രൂപായും, ൧൯൧൭-ൽ ൧൬൨൯ രൂപായും, ൧൯൧൮-ൽ ൧൬൨൯൩൫ രൂപായും ൧൯൧൯-ൽ ൧൪൮൨൫ രൂപായും ഈ അവശസമുദായക്കാർക്കു വേണ്ടി ചെലവാക്കിയിട്ടുണ്ട്. ഇതൊന്നുകൊണ്ടും മതിയാകയില്ലെന്നാണ് എന്റെ അഭിപ്രായം. അനേകലക്ഷം വരുന്ന ഈ അവശസമുദായക്കാരുടെ സാമ്പത്തികനില വർദ്ധിപ്പിക്കുകയാണ് ആദ്യമായി വേണ്ടതു. അകത്തെ ഒരു രോഗത്തെ കരിക്കുന്നതിനു് ഉള്ളിൽ മരുന്നു പയോഗിക്കാതെ പുറത്തു മരുന്നു പുരട്ടിക്കൊണ്ടിരുന്നാൽ രോഗം ശമിക്കുകയില്ലെന്നുള്ളതു് നമുക്കു് അനുഭവമുള്ള സംഗതിയാണല്ലോ. അതുപോലെതന്നെയാണു ഇവരുടെ കഥയും. എന്റെ സ്നേഹിതൻ മി. കെ. ആർ. നാരായണൻ പറഞ്ഞതുപോലെ ഇവരുടെ സാമ്പ

LIBRARY ARCHIVES Kerala Legislative Assembly

ത്തിക്കനില നന്നാക്കണമെന്നു വരുകിൽ ആദ്യമായി അവർക്ക് കിട ക്കാൻ സ്ഥലമുണ്ടാക്കണം. അവർക്ക് സ്വന്തമായി ഭൂമി പതിച്ചു കൊടുക്കണം. ഗവണ്മെൻറ് അവക്ക് അപ്രകാരം ചെയ്യുന്നുമുണ്ട്. എന്നാൽ ഇതൊരു വ്യവസായമായിട്ടാണ് ഇന്നു നടക്കുന്നത്. അവർ അതുപോലെ ആശ്രയിച്ചു നിൽക്കുന്നവോ അവരുടെ പ്രേരണയിൽ ഭൂമി പതിച്ചുകിട്ടാനായി അപേക്ഷിക്കയും പതിച്ചുവാങ്ങുകയും ചെയ്യുന്നു. അവരെക്കൊണ്ടു കരം കൊടുപ്പിക്കാതെ കരത്തിനുവേണ്ടി വസ്തു ലേലത്തിൽ വയ്പിച്ചു, ഗവണ്മെൻറിനെ കളിപ്പിച്ചു ആ യജമാനന്മാർ വസ്തു കൈവശപ്പെടുത്തുകയുമാണ് ചെയ്തുവരുന്നത്. ഇങ്ങനെയുള്ള നിലയിലാണ് ഇവക്ക് വസ്തു കൊടുക്കാൻ വിചാരിക്കുന്നതെങ്കിൽ അതുകൊണ്ട് യാതൊരുപ്രയോജനവുമില്ല. അതിനാൽ ഈ സമുദായത്തിന് ഭൂമി പതിച്ചുകൊടുത്താൽ അതു് മറുസമുദായക്കാർ അപഹരിച്ചുകൊണ്ടു പോകാതെ സൂക്ഷിക്കുകകൂടി വേണം. അവർ കരം അടച്ചില്ലെങ്കിൽ ആ കരത്തിനുവേണ്ടി ഗവണ്മെൻറുതന്നെ അവരുടെ വക വസ്തു കൈവശംവച്ചുകൊള്ളുകയും അവർ കരം അടച്ചതിനുശേഷം അവക്ക് തിയ്യതി വിട്ടുകൊടുക്കുകയും ചെയ്യണം. അല്ലാതെ ഈ അവശസമുദായക്കാരുടെ വസ്തുക്കൾ ലേലത്തിൽ വിൽക്കാൻ പാടില്ല. ഇതുകൂടാതെ ഇത്രയൊക്കെ പണം ചിലവാക്കിയെങ്കിലും ഇതിനനുസരണമായ പ്രതാപം കാണുന്നില്ല. റെയിൽമാർഗ്ഗം സഞ്ചരിക്കുമ്പോൾ കൊച്ചിയിൽ ചില സ്ഥലങ്ങളിൽ വളരെ ഭംഗിയായിട്ടുള്ള സ്ഥാപനങ്ങളും ഈ അവശസമുദായക്കാർക്ക് ഉള്ളതായി കാണാം. നാം അധികഭാഗവും ധനം, അവരുടെ വിദ്യാഭ്യാസത്തിനു ചിലവാക്കുന്നതിനാൽ സ്ഥാപനങ്ങൾക്കു വലിപ്പം കാണുന്നില്ല.

MR. K. R. NARAYANAN : ഇവിടെ കുറിച്ചിസഹിവോത്തമപുരം കാളനി എന്നൊരു സ്ഥാപനമുള്ളതായി മെമ്പർക്കറിയാമോ ?

MR. N. NARAYANA KURUP : ഞാൻ കണ്ടിട്ടില്ല.

MR. T. T. KESAVAN SASTRI : ആ കാളനിയെപ്പറ്റിയുള്ള മെമ്പരുടെ അഭിപ്രായം എന്താണ്?

MR. N. NARAYANA KURUP : ഞാൻ കാണാത്തതിനെപ്പറ്റി ഒരഭിപ്രായം പറയാൻ വിചാരിക്കുന്നില്ല.

ഇന്നത്തെ അവശസമുദായസംരക്ഷണവകുപ്പ് കുറച്ചുകൂടി ഊർജ്ജിതത്തിൽ പ്രവർത്തനം നടത്തുന്നതിന് അധികൃതസംരക്ഷകനു കൂടുതൽ പണം അനുവദിച്ചുകൊടുക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. കൂട്ടനാ

LIBRARY ARCHIVES Kerala Legislative Assembly

ടൻ പ്രദേശങ്ങളിൽ ഒരുലക്ഷത്തിഅമ്പതിനായിരം ഏക്കർ സ്ഥലം കൃഷി നടത്തുന്നതു് ഈ പുലയർ, പറയർ തുടങ്ങിയ വിഭാഗക്കാരെക്കൊണ്ടാണു്. അവക്കാക്കുതന്നെ ഒരു സെൻറു സ്ഥലംപോലും സ്വന്തമായിട്ടില്ല. സർക്കാർ ഭണ്ഡാഗാരം മുഴുവൻ പോഷിപ്പിക്കുന്ന നിലയിൽ ഞങ്ങളുടെ വിളവു നോക്കുന്നതു് ഇക്കൂട്ടരാണു്. മുഴുവൻ വെള്ളത്താൽ മൂടപ്പെട്ട ആ പ്രദേശത്തു് അവക്കില്ലാ ആളുകൾക്കും ഉപയോഗിക്കത്തക്കതായി ഒരു ശ്മശാനമോ, കാളനിയോ ഇല്ല. വെള്ളപ്പൊക്കകാലത്തു് അവർ ആഞ്ചാലവൃദ്ധം വള്ളങ്ങളിലാണു് കഴിച്ചുകൂട്ടുന്നതു്. ഈ കാര്യം ഇന്നത്തെ ദിവാൻജി അവർകൾ കാണാനിടയായി എന്നുവരികിൽ അവക്കു് നാലോ അഞ്ചോ കാളനികൾ ഉടനടി സ്ഥാപിച്ചുകൊടുക്കുമായിരുന്നു. നെടുമുടിമഠം എന്ന സ്ഥലത്തു് അനേകം ഏക്കർ സ്ഥലം വെറുതെ കിടക്കുകയാണു്. ആ സ്ഥലം ഉപയോഗിച്ചാൽ അവക്കു് ശരിയായ ഒരു കാളനി സ്ഥാപിക്കാൻ സാധിക്കും. അതുപോലെതന്നെ ചമ്പക്കുളം നെടുമുടിപുരമഠത്തിനു സമീപം ഏ 0 ഏക്കർ സ്ഥലത്തോളം ഗവണ്മെൻറുവകയായി കിടപ്പുണ്ടു്. അവിടെയും ഒരു കാളനി സ്ഥാപിച്ചുകൊടുക്കുന്ന പക്ഷം ഈ കുട്ടനാടൻപ്രദേശങ്ങളിൽ വെള്ളപ്പൊക്കമുണ്ടാകുന്ന കാലത്തു് ഈ സമുദായക്കാർക്കു് കയറികിടക്കാൻ സൗകര്യം ലഭിക്കുന്നതാണു്. ഇക്കാര്യങ്ങളിൽ ബഹുമാനപ്പെട്ട ഗവണ്മെൻറും അധികൃത സംരക്ഷകനും വേണ്ടവിധത്തിൽ പ്രവർത്തിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ വിരമിക്കുന്നു.

MR. K. P. KOCHUKORA THARAKAN : സർ, ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. പറയർ, പുലയർ, വേടർ തുടങ്ങിയ സമുദായങ്ങൾ തിരുവിതാംകൂറിൽ അനുഭവിക്കുന്ന കഷ്ടതകൾക്കു കയ്യുംകണക്കുമില്ല. ഇവർക്കു് കിടക്കാൻ സ്ഥലമില്ല. അതുകൊണ്ടു് കോളനികളായി രാജ്യത്തിൻെറ നാനാഭാഗങ്ങളിലും പത്തോ മുപ്പതോ വീട്ടുകാക്കു ഒന്നിച്ചു താമസിക്കുന്നതിനു സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നതുവളരെ നല്ലതാണു. രാജ്യത്തിൻെറ പലഭാഗങ്ങളിലും തരിശുഭൂമികൾ അവിടവിടെയായി കിടപ്പുണ്ടു്. അങ്ങിനെയുള്ള സ്ഥലങ്ങളിൽ അവശസമുദായാംഗങ്ങൾ കുടിയേറി പാർക്കുന്നുണ്ടെങ്കിൽ അവരെ അവിടെ നിന്നും ഇറക്കിവിടരുതു്. ഈ സ്ഥലങ്ങൾ ഒരേക്കർ സ്ഥലം വീതമെങ്കിലും അവർക്കുതന്നെ പതിച്ചുകൊടുക്കണം. അവിടെ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുവാനും മറ്റു കൃഷികൾ ചെയ്യുവാനും അവരെ പ്രോത്സാഹിപ്പിക്കണം. അവർക്കു് ഓരോരുത്തർക്കും പത്തിൽ കുറയാതെയും പതിനഞ്ചിൽ കൂ

LIBRARY ARCHIVES Kerala Legislative Assembly

ടാതെയും ഉള്ള സംഖ്യ കടമായി കൊടുക്കുകയും ഈ തുകകൊണ്ട് കൃഷി ചെയ്യാൻ അവരെ പ്രോത്സാഹിപ്പിക്കയും ചെയ്യുന്നത് വലിയ ഉപകാര മായിരിക്കും. അതുപോലെതന്നെ കുറെ തെങ്ങും തൈകൾ ഒട്ടുമാവിൻ തൈകൾ, പ്ലാവിൻതൈകൾ ഇവ വിതരണം ചെയ്ത് നട്ടുവളർത്തുന്ന തിനും അവരെ ഉത്സാഹിപ്പിക്കണം. ഈ കൃഷിയെ പ്രത്യേകം സൂക്ഷി ക്കുന്നതിനു അവരെ നിഷ്കർഷിക്കേണ്ടതു് അത്യാവശ്യമാണു. ഇങ്ങനെ പ്രത്യേക നിഷ്കർഷയില്ലെങ്കിൽ കന്നുകാലികൾ തിന്നും മറുവിധത്തിലും ഈ കൃഷിക്കു ദോഷം നേരിടും. ഇങ്ങനെ കൃഷിയെ കേട്ടുവരാതെ സൂക്ഷി ക്കുന്നപക്ഷം ഒരൊട്ടുമാവിൽനിന്നും പത്തുരൂപായിൽ കുറയാതെയും പതി നഞ്ചു രൂപായിൽ കുടാതെയുമുള്ള സംഖ്യ അവർക്കു് ആദായം കിട്ടുന്ന താണു. ഇപ്രകാരമായാലെ അവരുടെ സാമ്പത്തികനില ഉയ ത്താൻ തരമുള്ളൂ. അല്ലാതെ വേറെ മാർഗ്ഗം കാണുന്നില്ല. അവർ മറു ള്ളവരുടെ കൂലിവേലചെയ്താൽ രണ്ടിടങ്ങഴി നെല്ലാണു അവർക്കു് ഒരു ദിവസം കിട്ടുന്നതു്. ഇതുകൊണ്ടു് അവരുടെ ചിലവു് കഴിച്ചു നിവൃ ത്തിക്കാമെന്നല്ലാതെ സാമ്പത്തികനിലയെ ഉയർത്താൻ സാധിക്കയില്ല. അതിനാൽ മറു ചില മാർഗ്ഗങ്ങളിൽകൂടി മേൽപ്പറഞ്ഞപോലെ ആദാ യം കിട്ടുവാനുള്ളവഴി ഉണ്ടാക്കിക്കൊടുക്കണം. ഞാൻ ഉദാഹരണമായി ഒട്ടുമാവു്, പ്ലാവു, തെങ്ങു് മുതലായവ നട്ടുവളർത്തണമെന്നു് പറഞ്ഞു എന്നേ ഉള്ളൂ. ഏതെങ്കിലും വിധത്തിൽ സാരമായ ആദായം കിട്ടാ വുന്ന മാർഗ്ഗങ്ങൾ ഉണ്ടാക്കികൊടുക്കണമെന്നേ എനിക്കഭിപ്രായമുള്ളൂ. കുന്നത്തുനാട്ടു് താലൂക്കിൽ രായിമംഗലം പകുതിയിൽ ഒരു കുന്നുകാലി മേച്ചിൽ സ്ഥലത്തു് സമീപവാസികളും കുസ്തൂരിനികളും നായന്മാരും അവ ശസമുദായത്തിൽപ്പെട്ടവരും പ്രവേശിച്ചു് കൃഷിചെയ്തുതുടങ്ങി. അക്കൂ ട്ടത്തിലുണ്ടായിരുന്ന പുലയരെ അധികാരികൾ അവിടെ നിന്നും ഇറക്കി വിട്ടു. അതിനു കാരണം അവരെ സംരക്ഷിക്കാൻ ആളില്ലെന്നുള്ളതാണു്. ആ സ്ഥലം കൈവശപ്പെട്ടതിനു കുസ്തൂരിനികളും നായന്മാരും ഇപ്പോഴും അവരുടെ സ്ഥലം കൈവശംവച്ചുകൊണ്ടിരിക്കയാണു. അധികൃത സംരക്ഷകൻ അറിഞ്ഞാലുണ്ടോ അവിടെ ചെല്ലാൻ പോകുന്നു. അതിനു വേണ്ട പരിഹാരം ഉടനടി ചെയ്യണം. ഈ അവശസമുദായക്കാരുടെ വസ്തുക്കൾ ധാരാളമായി ലേലത്തിൽ പോകുന്നതായി കാണുന്നു. അപ്രകാരം വസ്തുക്കൾ കരത്തിനു ലേലത്തിൽ പോകാതിരിക്കുന്നതിനും ഇപ്രകാരമുള്ള വസ്തുക്കളിൽ ആദായമുള്ള വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാനും വേണ്ട ഏർപ്പാടുചെയ്യണം. ഇപ്രകാരം ആദായമുള്ള വൃക്ഷങ്ങൾ വസ്തുക്കളിൽ ഉണ്ടെങ്കിൽ അതിനെ കരത്തിനു വിറ്റു പോകാൻ അവർ ഇടകൊടുക്കു

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Kochukora Tharakan.]

കയില്ല. കരക്കടിശ്ശികയുടെ വേണ്ടി വസ്തുവെ വില്പന നടത്തേണ്ടതായി വരികയില്ല. കാളനിസിസ്റ്റം എല്ലാ ഭാഗത്തും തൃപ്തികരമല്ലാതെയാണിരിക്കുന്നത്. അവശസമുദായക്കാർ ഓരോരുത്തരും അവരുടെ മുതലാളിമാരുടെയും എജമാനന്മാരുടെയും വയലുകളിലും യെരിത്തിലുകളിലും വീടുകളിലും പെന്ന വേലചെയ്തു ജീവിക്കുന്നവരായിട്ടാണ കാണുന്നത്. ക്രൂടാതെ അവർക്ക് വസ്തുകാവൽ മുതലായ ജോലികളുമുണ്ട്. അവർക്ക് ഒരു സ്ഥലത്തുജോലിയും മറെറാരു സ്ഥലത്തുതാമസവുമായാൽ സൗകര്യപ്പെടുകയില്ല. ഈ സൗകര്യങ്ങളെക്രുടെ ആസ്പദമാക്കി കാളനികരം സ്ഥാപിക്കണം അവരുടെ കൈവശത്തുള്ള വസ്തുക്കളെ പ്രബലസമുദായക്കാർ ഉദ്യോഗസ്ഥന്മാരുടെയുംമറും സഹായത്തോടുകൂടി കൈവശപ്പെടുത്തുന്നതയി പറയുന്നു. അപ്രകാരം ചെയ്യുന്നുദ്യോഗസ്ഥന്മാർ ഇപ്രകാരമുള്ളസ്ഥലങ്ങളിൽനിന്നും ഈ സമുദായക്കാരെ ഇറക്കിവിടാതിരിക്കുവാൻ ഏർപ്പാടുചെയ്യണമെന്നും അധികൃതസംരക്ഷകൻ ഇതിലേക്ക് വേണ്ട സഹായങ്ങളും ചെയ്തുകൊടുക്കണമെന്നും വിശ്വസിക്കുന്നു. വിദ്യാഭ്യാസവിഷയത്തിലാണെങ്കിൽ ഈ സമുദായക്കാർ വളരെ പിന്നോക്കമാണ് നിൽക്കുന്നത്. ഉച്ചഭക്ഷണത്തിനുപോലും ഇവർക്കു ഗതിയില്ല. പുസ്തകം, വസ്ത്രം ഇവയൊന്നും ഇവക്കില്ല. എന്റെ സ്ഥലത്തുള്ള പറയർ, പുലയർ ഇവർ ഏറെ വയസ്സുവരെ വസ്ത്രംതന്നെ ധരിക്കാറില്ല. വസ്ത്രം പുസ്തകം മുതലായവ ഇവർക്ക് കൊടുത്ത് വേണ്ട വിദ്യാഭ്യാസ സൗജന്യം ചെയ്തുകൊടുക്കണമെന്നും ഹരിജനഹോസ്റ്റൽ പോലെയുള്ള സ്ഥാപനങ്ങളും ഓരോ ഡിവിഷനിലെങ്കിലും ഓരോന്നു സ്ഥാപിച്ച് ഇവർക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു വേണ്ട സൗകര്യം ചെയ്തുകൊടുക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു. ഇത് എല്ലാ അവശസമുദായാംഗങ്ങൾക്കും ചെയ്തുകൊടുക്കണമെന്നു ഞാൻ പറയുന്നില്ല. സാധാരണപരീക്ഷകളിൽ കൂടുതൽ മാർക്കുകൾ അനുസരിച്ച് യോഗ്യതയുള്ളവരായി കാണുന്ന പത്തുപതിനഞ്ചുപേരെ തിരഞ്ഞെടുത്ത് വേണ്ട ഇംഗ്ലീഷ്വിദ്യാഭ്യാസ സൗജന്യം ചെയ്തുകൊടുത്താൽ മതിയാകും. അങ്ങനെയുള്ളവരെ ഗവണ്മെൻറിൽ നിന്നും സമുദായപ്രാതിനിദ്ധ്യം നോക്കാതെ ഉദ്യോഗങ്ങളും കൊടുക്കുകയും ചെയ്യണമെന്നു ഞാൻ പറയുന്നതു.

MR. T. T. KESAVAN SASTRI: ബഹുമാനപ്പെട്ട ഗവണ്മെൻറിൽ നിന്നും അധികൃതസമുദായസംരക്ഷകൻ എന്ന പേരു മാറി അവശസമുദായസംരക്ഷകൻ എന്ന പേരു കൊടുത്തിരിക്കുന്നു എന്നുള്ള വിവരം മെമ്പർക്കറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. K. P: KOCHUKORA THARAKAN : ഏതു സമുദായമായാലും ശരി, അവശതയനുഭവിക്കുന്നസമുദായത്തെ സംരക്ഷിക്കണമെന്നമാത്രമേ ഞാൻ പറയുന്നുള്ളൂ.

MR. T. T. KESAVAN SASTRI : ബഹുമാനപ്പെട്ട ഗവണ്മെൻറിൽ നിന്നുമാണു് അപ്രകാരം ചെയ്തിരിക്കുന്നതെന്നു മെമ്പക്കറിയാമോ?

MR. K P KOCHUKORA THARAKAN ആ പദം ഉപയോഗിച്ചതിൽ ആക്ഷേപമുണ്ടെങ്കിൽ അതിനെ പത്തുപ്രാവശ്യം പിൻവലിക്കാൻ ഞാൻ തയ്യാറാണു്.

MR. R. VASUDEVA PODUVAL : സർ, ബഹുമാനപ്പെട്ട മെമ്പർമാരുടെ വിമർശനങ്ങൾക്കും നിരൂപണങ്ങൾക്കും പ്രശംസകൾക്കും ഞാൻ പ്രത്യേകം കടമപ്പെട്ടവനായിരിക്കുന്നു. അവശസമുദായസംരക്ഷണ ഡിപ്പാർട്ടുമെൻറു് കഴിഞ്ഞ ഒ കൊല്ലക്കാലമായി ക്രമപ്രവൃദ്ധമായി വർദ്ധിച്ചിട്ടുള്ളതു്; സർ, അവിടത്തെ ദയവിൻറെയും താൽപ്പര്യത്തിൻറെയും ഫലമായിട്ടാണെന്നു ഞാൻ ബഹുമാനപ്പെട്ട മെമ്പറന്മാരുടെ അറിവിനായി ആദ്യമായി പറഞ്ഞുകൊള്ളട്ടെ. ഇന്നത്തെ ഇവിടത്തെ നിരൂപണങ്ങൾക്കിടയിൽ അവശസമുദായസംരക്ഷണവകുപ്പിൻറെ നാനാവിധമായ പ്രവർത്തനങ്ങളെപ്പറ്റി വിമർശിക്കയുണ്ടായി. ആദ്യമായിട്ടു് അവശസമുദായങ്ങളുടെ പട്ടികയെപ്പറ്റി ബഹുമാനപ്പെട്ട മെമ്പർ മി: രാമൻകുഞ്ഞും ബഹുമാനപ്പെട്ട മെമ്പർ മി. കവിയൂർ കൊച്ചുകുഞ്ഞും പറയുകയുണ്ടായി. അവശസമുദായസംരക്ഷണവകുപ്പിൻറെ പരിധിയിൽപ്പെടുന്ന സമുദായങ്ങൾ വിദ്യാഭ്യാസസംബന്ധമായ സൗജന്യങ്ങൾ അനുഭവിക്കുന്നതിനും സൗജന്യനിരക്കിൽഭൂമി പതിച്ചുകിട്ടാൻ അർഹത ഉള്ളവരുമാണെന്നു ഞാൻ ആദ്യമായി മെമ്പർമാരുടെ അറിവിനായി അറിയിച്ചുകൊള്ളട്ടെ. ഈ പട്ടികയാണു് നിലവിലിരിക്കുന്നതു്. അതിൽ വിദ്യാഭ്യാസസംബന്ധമായ സൗജന്യങ്ങൾക്കു് ഒരു പട്ടികയുണ്ടു്. ഉദ്യോഗസംബന്ധമായ നിയമനകാര്യങ്ങൾക്കു് വേറെ ഒരു പട്ടികയുണ്ടു്.

MR. N. VELU ACHARY : ഭൂമിയെസംബന്ധിച്ചും വിദ്യാഭ്യാസസൗജന്യത്തെ സംബന്ധിച്ചും സൗജന്യങ്ങൾ ലഭിക്കാതെ അവശസമുദായങ്ങൾ വേറെ ഉണ്ടെന്നു മെമ്പർക്കു് അറിയാമോ?

MR. R. VASUDEVA PODUVAL : സൗജന്യനിരക്കിൽ ഭൂമി പതിച്ചു കിട്ടാത്തവരും വിദ്യാഭ്യാസസൗജന്യം അനുഭവിക്കാത്തവരുമായി അനേകം സമുദായങ്ങൾ ഈ നാട്ടിൽ ഉണ്ടെന്നു എനിക്കറിയാം.

LIBRARY ARCHIVES Kerala Legislative Assembly

MR. N. VELU ACHARY : യഥാർത്ഥമായി ഇങ്ങനെ കൊടുക്കേണ്ട ആളുകളെ ഈ പരിധിയിൽ കൊണ്ടുവരണമെന്നാണ് എന്റെ അഭിപ്രായം.

PRESIDENT : Mr. Poduval will continue.

MR. R. VASUDEVA PODUVAL: മി കവിയൂർ കൊച്ചുകുഞ്ഞും മി. രാമൻകുഞ്ഞും കൊണ്ടുവന്നിട്ടുള്ള ഉപക്ഷേപങ്ങളിൽ പറയുന്നതു വാലന്മാക്കും അരയന്മാക്കും വണ്ണ്വർക്കും പിന്നോക്കസമുദായസംരക്ഷണവകുപ്പിൽ വേണ്ടപോലെ സഹായങ്ങൾ ലഭിച്ചില്ലെന്നാണ്. സർ, വാലസമുദായത്തിനു ഫാർസെൻറു സ്ഥലം വീതം ഓരോ ഫാമിലിക്കും കായൽതീരങ്ങളിൽ പതിച്ചുകൊടുക്കാൻ ഗവണ്മെൻറ് അനുവദിച്ചിട്ടുണ്ട്. വാലസമുദായത്തിലുള്ള കുട്ടികൾക്ക് മുഴുവൻ വിദ്യാഭ്യാസസൗജന്യം ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു അനുവദിച്ചിട്ടുണ്ട്. മലയാളം തമിഴ്; ഈ സ്കൂളുകളിൽ പകുതിഫീസ സൗജന്യവും അവക്കു ലഭിക്കുന്നുണ്ട്.

MR. KAVIYOOR K. K. KOCHUKUNJU : ഈവക സൗജന്യങ്ങൾ വണ്ണ്വസമുദായത്തിന് എപ്പോഴെങ്കിലും കൊടുത്തിട്ടുണ്ടെന്നറിയാമോ?

MR. R. VASUDEVA PODUVAL : അതിനു ഞാൻ ഉത്തരം പറയാം. അരയസമുദായത്തിനുള്ള സൗജന്യനിരക്കിൽ ഭൂമി പതിച്ചുകൊടുക്കുന്നതിനവകാശമില്ല. കാരണം അവർ മറ്റു സമുദായങ്ങളെ അപേക്ഷിച്ചു മുന്നണിയിലാണു നിൽക്കുന്നതു്. എന്നാൽ വിദ്യാഭ്യാസസംബന്ധമായി അവർക്കു പകുതിഫീസ്സൗജന്യം അനുവദിച്ചിട്ടുണ്ട്. നേരെ മറിച്ച് വർണ്ണവസമുദായത്തിന് — ഫാർവേർഡ് പ്രസിഡൻസിയിൽപ്പെട്ടതായിട്ടുള്ള സെൻസസ്റിപ്പോർട്ടനുസരിച്ച് വർണ്ണവസമുദായത്തിന്റെ സംഖ്യ ഫാസ്റ്റു ആണെന്നു കാണുന്നു. ഫീസ് സൗജന്യമോ ഭൂമിസൗജന്യമോ കിട്ടുന്നതിനുള്ള സൗകര്യം ഉണ്ടായിട്ടില്ല.

MR. KAVIYOOR K. K. KOCHUKUNJU : സെൻസസ്റിപ്പോർട്ടിൽ വർണ്ണവസമുദായത്തിനെ അവശസമുദായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതായി അറിയാമോ ?

MR. R. VASUDEVA PODUVAL: സെൻസസ്റിപ്പോർട്ട് എന്റെ മുമ്പാകെ ഇല്ല.

MR. KAVIYOOR K. K. KOCHUKUNJU : ആ സെൻസസ്റിപ്പോർട്ടിൽ നവ്യ 8-ാമത്തെ പേജിൽ ഇതിനെപ്പറ്റി പ്രസ്താവിച്ചിട്ടുണ്ട്.

MR. R. VASUDEVA PODUVAL : Sir, I claim notice.

ഇപ്പോൾ ആവശ്യപ്പെട്ടിട്ടുള്ളതുപോലെ ഗവണ്മെൻറിൽനിന്നും എന്തെങ്കിലും സൗജന്യം കൊടുക്കുന്നുണ്ടെങ്കിൽ തങ്ങളെയും കൂടി പരിഗ

LIBRARY ARCHIVES Kerala Legislative Assembly

ണിക്കണമെന്ന പല സമുദായങ്ങളും ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആരാണു വാസ്തവത്തിൽ അവശസമുദായക്കാർ ആരാണു അധഃകൃതർ ആരാണു പിന്നോക്കസമുദായക്കാർ എന്നു അന്വേഷിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഗവണ്മെന്റു ഇപ്പോൾ അംഗീകരിച്ചിട്ടുള്ള നയം കുറെകൂടി നിലനിറുത്തിപ്പോകേണ്ടതായുണ്ട്. കാലക്രമത്തിൽ വാസ്തവത്തിൽ ഏതെല്ലാം സമുദായങ്ങൾ അവശതയനുഭവിക്കുന്നുവോ ഏതെല്ലാം സമുദായങ്ങൾക്കു ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളുമുണ്ടോ ആ സമുദായങ്ങളെപ്പറ്റിയുള്ള ശരിയായ അവസ്ഥ അവശസമുദായസംരക്ഷകന്റെ അന്വേഷണത്തിൽ ബോദ്ധ്യപ്പെടുന്ന എന്നു കണ്ടാൽ അവരെ സംബന്ധിച്ചു ഗവണ്മെന്റിനോടു ന്യായമായ ശുപാർശചെയ്യുന്നതിനു അവശസമുദായ സംരക്ഷകൻ തയാറാണ്. ഇനി രണ്ടാമതായി പറയുവാനുള്ളതു ഒരു അവശസമുദായത്തിന്റെ ഭൂമിഉടമസ്ഥത കൈമോശം വന്നുപോകുന്നു എന്നും അവർ താമസിക്കുന്ന സ്ഥലങ്ങളിൽനിന്നും അവരെ ആട്ടിഇറക്കുന്നു എന്നും മറ്റുമുള്ള സങ്കടാവസ്ഥകളെപ്പറ്റി വിവരിച്ചു പ്രസ്താവിച്ചിട്ടുള്ള സംഗതികൾക്കു ഉള്ള മറുപടിയാണ്. ഞാൻ ഇൻഡ്യാരാജ്യത്തിലെ പല നാട്ടരാജ്യങ്ങളിലും വിശിഷ്യ പല ബ്രിട്ടീഷിൻഡ്യൻ പ്രാവിൻസുകളിലും സഞ്ചരിച്ചിട്ടുണ്ട്. എന്നാൽ ഇവിടത്തെപ്പോലെ ജനങ്ങളോടു ഇത്ര കാരുണ്യം കാണിക്കുന്ന ഒരു ഗവണ്മെന്റു ഉണ്ടോ എന്നുള്ളതു സംശയമാണ്. എത്ര ഏക്കർ സർക്കാർഭൂമികൾ ഗവണ്മെന്റിന്റെ യാതൊരു സമ്മതവുംകൂടാതെ ബലാൽക്കാരമായി പ്രവേശിച്ചുദ്ദേഹണ്ഡം ചെയ്യുന്നുണ്ട്. അതു അന്യായമാണെന്നു ഗവണ്മെന്റു പറയുന്നതിൽ ഒരു സമുദായക്കാർക്കും ആവലാതിപ്പെടുന്നതിനവകാശമില്ല. ഗവണ്മെന്റു ഭൂമിയിൽ അന്യായമായി പ്രവേശിച്ചവരെ അതിൽനിന്നിറക്കണമെന്ന ഇടയിടെ ഒരു സർക്കുലർ ഉണ്ടായിട്ടുണ്ട്. ഗവണ്മെന്റു ചട്ടം എപ്പോഴും യാതൊരു ചോദ്യവും കൂടാതെ അനുസരിക്കേണ്ടതു് ഓരോ വ്യക്തിയുടേയും കടമയാണ്. വാസ്തവത്തിൽ പിന്നോക്കസമുദായക്കാർക്കു കഷ്ടതയുണ്ട്. അവർക്കു താമസത്തിനു സൗകര്യത്തിനായി ലാൻഡറവന്യൂ ഡിപ്പാർട്ടുമെന്റു മുഖാന്തിരം അനവധി സ്ഥലങ്ങൾ ഒഴിച്ചു കൊടുത്തിട്ടുണ്ടു. ഈ കൊല്ലംതന്നെ ഡിസൻബർ മാസത്തിൽ ചിലപ്രാന്തം ഏക്കർഭൂമി പിന്നോക്കസമുദായക്കാർക്കു ഈ ഇനത്തിൽ പതിച്ചുകൊടുത്തിട്ടുണ്ട്. ഇപ്രകാരം സർക്കാർ ഭൂമിയിൽ നിന്നും ഒഴിച്ചുവിടുന്ന പിന്നോക്കസമുദായക്കാർക്കു താമസിക്കുന്നതിനു് കാളനികളിൽ സൗകര്യം കൊടുക്കണമെന്നു ഗവണ്മെന്റു നിർദ്ദേശിച്ചിട്ടുണ്ട്. അതുകൂടാതെ അവശസമുദായക്കാർക്കു ഭൂമിപതിച്ചുകൊടുക്കുന്നതിനും അവരെ അന്യായമായി ഒഴിച്ചുവിടാതിരിക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Vasudeva Poduval]

അവശസമുദായസംരക്ഷകൻ കഴിയുന്നതു ശ്രമിക്കുന്നുണ്ട്. സർ, അവശസമുദായങ്ങൾക്ക് ഭൂമി പതിച്ചുകൊടുക്കുന്നതിനായി ഗവണ്മെൻറിൽ നിന്നും ശരാശരി ഇരുപതിനായിരം രൂപ ചെലവാക്കുന്നുണ്ടെന്നുള്ള വസ്തുതകൂടി ബഹുമാനപ്പെട്ട മെംബർമാരെ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു. പിന്നോക്കസമുദായക്കാരുടെ സൗകര്യത്തിനും സുഖത്തിനുമായിട്ട് ഇപ്പോൾ പല സ്ഥലങ്ങളിലും കോളനികൾ സ്ഥാപിച്ചിട്ടുണ്ട്. തെക്കൻ തിരുവിതാംകൂറിൽ പാറശ്ശാല മുതലായ സ്ഥലങ്ങളിലും മദ്ധ്യതിരുവിതാംകൂറിൽ സചിവോത്തമപുരം എന്ന സ്ഥലത്തും വടക്കൻ തിരുവിതാംകൂറിൽ വെള്ളിയാഴ്ചനാട് എന്ന സ്ഥലത്തും കോളനികൾ സ്ഥാപിച്ചിട്ടുണ്ട്. ആ കോളനികളിൽ യഥാക്രമം ൪൦, ൫൦, ൩൦ കുടികൾക്കു വേണ്ട സൗകര്യങ്ങളോടുകൂടി സ്ഥാപിച്ചിട്ടുണ്ട്.

MR. KOTTALIL P. ABRAHAM: സ്ഥലം പതിച്ചുകൊടുക്കുന്നതിനു എന്തു വിധത്തിലാണു ചിലവു്?

MR. R. VASUDEVA PODUVAL: പതിച്ചുകൊടുക്കുന്ന സ്ഥലത്തിന്റെ വില കണക്കാക്കിയാണ് ഞാൻ ഈ സംഖ്യ പറഞ്ഞതു്. അടുത്തകൊല്ലം ഗവണ്മെൻറിൽനിന്നും തിരുവനന്തപുരത്തു മരുതംകുഴിയിലെയും സമീപവും നെയ്യാറിൻകരതാലൂക്കിൽ വെങ്ങാന്നൂരും, ഇലന്തൂർ, മാണിക്കമംഗലം കടമ്പനാട് എന്നീ സ്ഥലങ്ങളിലും കോളനികൾ സ്ഥാപിക്കാൻ അനുവദിച്ചിട്ടുണ്ട്.

MR. A. K. KUMARAN VAIDYAN: മാണിക്കമംഗലത്തുള്ള കോളനികൊണ്ടു അവശസമുദായക്കാർക്കെന്തെങ്കിലും ഗുണമുണ്ടോ?

MR. R. VASUDEVA PODUVAL: ഗുണം ഉണ്ടാക്കണമെന്നാണ് ഉദ്ദേശം. അവിടെ കെട്ടിടം പണിയിക്കാൻ തുടങ്ങിയിട്ടുണ്ട്. വിദ്യാഭ്യാസസംബന്ധമായിട്ടുള്ള കാര്യങ്ങളെപ്പറ്റി ഒരു മെംബർ ചൂണ്ടിക്കാണിച്ചു. സർ, ഇപ്പോൾ നിലവിലിരിക്കുന്ന സംപ്രദായമനുസരിച്ചു മൂന്നാംക്ലാസിലും നാലാംക്ലാസിലും പഠിക്കുന്ന എല്ലാ അവശസമുദായങ്ങളിലുമുള്ള കുട്ടികൾക്കു ഫീഡേഴ്സ് കൊടുക്കുന്നുണ്ട്. എട്ടാംക്ലാസ് ഒൻപതാംക്ലാസ് ഇവകളിൽ പഠിക്കുന്നവർക്കും സംസ്കൃതംപഠിക്കുന്ന കുട്ടികൾക്കും ഇതിനുംപുറമേ ഇംഗ്ലീഷ്, ഫോർത്തു, ഫിഫ്ത്തു, സിക്സ്ത്തു ഈ ക്ലാസുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്കും പ്രീപ്രൈമറി മുതൽ സിക്സ്ത്തുവരെ പഠിക്കുന്ന പെൺകുട്ടികൾക്കും പുസ്തകങ്ങൾ വാങ്ങിക്കാൻ പണം കൊടുത്തിട്ടുണ്ട്. ഇതിനുംപുറമേ യാഥാമൂലമുണ്ടായിട്ടുള്ള സ്ഥിതിഗതികളെ പരിഗണിച്ചു ഇവർക്കു വസ്ത്രംകൂടി വാങ്ങാൻ പണം നൽകുന്നുണ്ട്. ഇതിൽക്കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

ഗവണ്മെൻറിനു തൽക്കാലം വ്യയം ചെയ്യാൻ സാധിക്കുമെന്നു തോന്നുന്നില്ല. ഇതിനു പുറമേ വിദ്യാഭ്യാസസംബന്ധമായി പിന്നോക്കസമുദായത്തിലെ കുട്ടികളുടെ ഗുണത്തിനുവേണ്ടി ശ്രീചിത്രഹരിജന ഹോസ്റ്റൽ സ്ഥാപിച്ചു. ആണ്ടുതോറും ൪൦൦൦ രൂപ ചെലവാക്കുന്നുണ്ട്. ഇവിടെ കുട്ടികൾക്കു സൗജന്യമായി സകലതും കൊടുത്താണു താമസിപ്പിക്കുന്നതു. അവശസമുദായക്കാരുടെ വിദ്യാഭ്യാസത്തിനുതകുന്ന മറ്റു ഹോസ്റ്റലുകൾക്കു് ധാരാളമായി ഗ്രാൻറുകൾ കൊടുക്കുന്നുണ്ടു്. ഇതിനും പുറമേ അവശസമുദായസംരക്ഷണത്തിനുവേണ്ടി എത്തെല്ലാം സ്ഥാപനങ്ങൾ ആരെല്ലാംനടത്തുന്നുണ്ടോ അവക്കെല്ലാം ഗ്രാൻറുകൾ അവശസമുദായവകുപ്പിൽ നിന്നു കൊടുക്കപ്പെടുന്നു. ഈ ഇനത്തിൽത്തന്നെ ആണ്ടിൽ പത്തു പതിനായിരം രൂപ കൂടുതൽ ചെലവാകുന്നുണ്ടു്. ചില സമുദായങ്ങൾക്കു് പ്രത്യേകമായ സൗജന്യങ്ങൾ നൽകണമെന്നു ഇവിടെ ചിലർ പ്രസ്താവിച്ചുകാണുന്നു. ഇതിനെപ്പറ്റി അവധാനപൂർവം ആലോചിച്ചു് വേണ്ടതു ഗവണ്മെൻറു ചെയ്യുന്നതാണു്.

MR. M. SIVATHANU PILLAI : ഈ ഹോസ്റ്റലിലെ പണമെല്ലാം വല്ലവരും വിഴുങ്ങുന്നുണ്ടോ അതോ അവശസമുദായങ്ങൾക്കുവേണ്ടി ശരിയായി ചെലവാക്കുന്നുണ്ടോ?

MR. R. VASUDEVA PODUVAL : ശരിയായ മേൽനോട്ടത്തിലാണു് ഈ സ്ഥാപനങ്ങൾ നടത്തുന്നതു, ഇതിലെ കണക്കുകൾ ഫീൽഡ് ആഫീസർ പരിശോധിച്ചതിനുശേഷമേ പണം അനുവദിക്കാറുള്ളൂ.

MR. K. P. KOCHUKORA THARAKAN : ഈ സമുദായക്കാക്കു് ഉദ്യോഗം കൊടുക്കുന്ന വിഷയത്തിൽ വല്ലതും ചെയ്യുന്നുണ്ടോ?

MR. R. VASUDEVA PODUVAL : ഉദ്യോഗനിയമനക്കാര്യത്തിൽ അവശസമുദായസംരക്ഷകൻ പബ്ലിക്കു് സർവീസുകമ്മീഷണർ വരുന്നതിനുമുൻപു ധാരാളം പ്രവർത്തിച്ചിട്ടുണ്ടു്. ൧൯൫൫-ൽ ചില്വാനം ഉദ്യോഗങ്ങൾ അവശസമുദായസംരക്ഷകൻറെ ശുപാർശയിൽ പിന്നോക്കസമുദായക്കാർക്കു വാങ്ങിക്കൊടുത്തിട്ടുണ്ടു്. ഇക്കഴിഞ്ഞ മൂന്നുനാലു മാസത്തിനിടയിൽ ചില ഡിപ്പാർട്ടുമെൻറു മേലധ്യക്ഷന്മാർ മുഖാന്തരം ഈ സമുദായക്കാർക്കു ആകപ്പാടെ ഉദ്യോഗങ്ങൾ കിട്ടിയിട്ടുണ്ടു്. കൂടാതെ അവശസമുദായത്തിൽ പ്രാപ്തിയും യോഗ്യതയുമുള്ള ചെറുപ്പക്കാരെ വാർസർവീസിൽ ചേർത്തിട്ടുണ്ടു്. ശ്മശാനസ്ഥലങ്ങളെപ്പറ്റി ഒന്നിലധികം ബഹുമാനപ്പെട്ട മെംബർമാർ പ്രസ്താവിക്കുകയുണ്ടായി. കഴിഞ്ഞ൯ കൊല്ലങ്ങളെ അപേക്ഷിച്ചു ഇക്കൊല്ലം ഇതുവരെയായി ൨൯ സ്ഥലങ്ങളിൽ ശ്മശാനസൌകര്യം കൊടുത്തതിനും പുറമേ നവ ശ്മശാനസ്ഥലങ്ങൾകൂടി ഉണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Vasudeva Poduval.]

ക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ശരാശരി ഓരോ വർഷത്തിലും ഫാ-ൽ കൂടുതൽ ശ്മശാനസ്ഥലങ്ങൾ യഥാർത്ഥമായി കൊടുത്തുവരികയും സാ-ൽ കൂടുതൽ സ്ഥലങ്ങൾ കൊടുക്കാൻ വേണ്ട നടപടികൾ നടന്നുവരികയും ചെയ്യുന്നുണ്ട്. ശ്മശാനസൗകര്യം ഉണ്ടാക്കികൊടുക്കാൻ പിന്നോക്കസമുദായസംരക്ഷകൻ വിചാരിക്കുന്നതുപോലെ സാധ്യമല്ല. ലാൻറവന്യൂ ഡിപ്പാർട്ടുമെൻറു മുഖാന്തിരം ഈ സ്ഥലങ്ങൾ ഗവണ്മെൻറു ചിലവിന്മേൽ അക്വയർചെയ്യണം. ഇപ്രകാരം ഏതെങ്കിലും ഒരു സ്ഥലം അക്വയർചെയ്യാൻ എഴുതിവന്നാൽ അതിനു സമീപമുള്ള ആളുകൾ ആ സ്ഥലം എടുക്കാൻ പാടില്ല, അവർക്കു അതു ദോഷമാണെന്നു പറയും. ഈ വിഷയത്തിൽ ബാക്കിയുള്ള സമുദായങ്ങളുടെ സഹകരണവും ദയവും ഉണ്ടായാൽ കൂടുതൽ ശ്മശാന സ്ഥലങ്ങൾ ഉണ്ടാക്കികൊടുക്കാൻ സാധിക്കുമെന്നുതോന്നുന്നു.

SADASYATILAKA T. K. VELU PILLAI: ഇതുമാതിരിയുള്ള ശ്മശാനസ്ഥലങ്ങൾ ഏതെങ്കിലും ഒരു അവശസമുദായത്തിൻെറ പേരിലാണോ അതോ എല്ലാ സമുദായങ്ങളുടെയും പേരിൽകൂടിയാണോ സ്ഥാപിക്കുന്നതു്?

MR. R. VASUDEVA PODUVAL: അവശസമുദായങ്ങൾക്കു തമ്മിൽ പിന്നോക്കസമുദായ സംരക്ഷകൻ യാതൊരു വ്യത്യാസവും കാണിക്കുന്നില്ല. അവശസമുദായസംരക്ഷണവകുപ്പിനു വേണ്ടി ഗവണ്മെൻറിൽനിന്നും ചെലവുചെയ്യുന്ന സംഖ്യ തൃപ്തികരമല്ലെന്നു ഒന്നുരണ്ടു മെമ്പർമാർ പ്രസ്താവിച്ചുകാണുന്നു. അവശസമുദായസംരക്ഷണവകുപ്പിൽ വച്ചിട്ടുള്ള തുകകൂടാതെ ലാൻറു റവന്യൂഡിപ്പാർട്ടുമെൻറു്, ഇൻഡസ്ട്രീസു ഡിപ്പാർട്ടുമെൻറു്, എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറു് ഈ മൂന്നു ഡിപ്പാർട്ടുമെൻറിൽകൂടി അവശസമുദായക്കാർക്കുവേണ്ടി ധനം വ്യയം ചെയ്യുന്നുണ്ടെന്നു ബഹുമാനപ്പെട്ട മെമ്പർമാർ എല്ലാവരും അനുസ്മരിക്കേണ്ടതാണു്.

PRESIDENT: The time for the demand having lapsed I have to put all the questions necessary for the purpose of completing the Budget demands.

MR. KODIVEETIL C. RAMAN KUNJU: I withdraw the motion.

The motion, by leave, was withdrawn.

Motion Nos. 329 to 332.

The following motions lapsed as the time allotted for the demand had expired :—

MR. KODIVEETIL C. RAMANKUNJU :

329. To reduce the allotment of Rs. 1,140 for travelling allowance by Re. 1.

LIBRARY ARCHIVES Kerala Legislative Assembly

Motion for reduction of total grant.

MR. KAVIYOOR K. K. KOCHUKUNJU :

330. To reduce the allotment of Rs. 11,257 for Direction by Re. 1.

MR. N. NARAYANA KURUP :

331. To reduce the total allotment of Rs. 51,257 under Demand XXIII by Rs. 10.

MR. K. KUNJU PANICKER :

332. To reduce the total allotment of Rs. 51,257 under Demand XXIII by Re. 1.

The question that Government be granted a sum of Rs. 51,257 under Demand XXIII - Up-Lift of Backward Communities was put and carried.

The motion was passed and the grant was made.

DEMAND XXIV—MEDICAL.

Motions Nos. 333 to 347.

The following motions lapsed as the time allotted for the voting of demands for Grants had expired :—

MR. A. K. KUMARAN VAIDYAN :

333. To reduce the allotment of Rs. 1,900 for travelling allowance by Re. 1.

MR. A. K. KUMARAN VAIDYAN :

334. To reduce the allotment of Rs. 1,900 for travelling allowance by Re. 1.

MR. VARKALA K. MADHAVAN :

335. To reduce the allotment of Rs. 1,900 for travelling allowance by Rs. 10.

MR. P. NARAYANA PILLAI :

336. To reduce the allotment of Rs. 1,900 for travelling allowance by Rs. 3.

MR. P. NARAYANA PILLAI:

337. To reduce the allotment of Rs. 1,900 for travelling allowance by Rs. 15.

MR. G. VELU PILLAI :

338. To reduce the allotment of Rs. 1,900 for travelling allowance by Re. 1.

MR. K. KUNJU PANICKER :

339. To reduce the allotment of Rs. 15,075 for Superintendence by Re. 1.

SRIMATI T. NARAYANI AMMA :

340. To reduce the allotment of Rs. 15,075 for Superintendence by Rs. 5.

MR. P. V. MATHAI CHEMPARATHY :

341. To reduce the allotment of R . 15,075 for Superintendence by Re. 1.

MR. P. V. MATHAI CHEMPARATHY :

342. To reduce the allotment of Rs. 15,075 for Superintendence by Re. 1.

MR. G. VELU PILLAI :

343. To reduce the total allotment of Rs. 11,25,583 under Demand XXIV by Re. 1.

MR. N. NARAYANA KURUP :

344. To reduce the total allotment of Rs. 11,25,583 under Demand XXIV by Rs. 10.

MR. K. DOMINIC JOSEPH :

345. To reduce the total allotment of Rs. 11,25,583 under Demand XXIV by Re. 1.

MR. KOTTALIL P. ABRAHAM :

346. To reduce the total allotment of Rs. 11,25,583 under Demand XXIV by Re. 1.

LIBRARY ARCHIVES Kerala Legislative Assembly